بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 8

ലക്കം 23

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂൺ 8/ ഹി.ശം 1402 ഇഹ്സാൻ 8/ ഹി:ഖ 1444 ദുൽഖഅ്ദ് 18

## അല്ലാഹുവിന്റെ വചനം

وَرَحۡمَتِیۡ وَسِعَتۡ کُلَّ شَیۡءٍ ؕ فَسَاَکۡتُبُہَا لِلَّذِیۡنَ یَتَّقُوۡنَ وَیُؤۡتُوۡنَ الزَّکٰوۃَ وَالَّذِیۡنَ ہُمۡ بِاٰیٰتِنَا یُؤۡمِنُوۡنَ (اعراف:157)

‘എന്റെ കാരുണ്യമാകട്ടെ സർവ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് സൂക്ഷ്മത കൈക്കൊള്ളുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത്(കാരുണ്യം)ഞാൻ എഴുതി വെക്കുന്നതാണ്.’(7:157)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### നല്ല നിലക്ക് കടം തിരിച്ചുചോദിക്കൽ:

(2391) ഹുദയ്ഫ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: ഒരാൾ മരണപ്പെട്ടു. അപ്പോൾ നീ എന്താണ് ചെയ്തിരുന്നതെന്ന് അയാൾ ചോദിക്കപ്പെട്ടു. അയാൾ പറഞ്ഞു: ഞാൻ ജനങ്ങളുമായി കച്ചവടം നടത്താറുണ്ട്. കഴിവുള്ളവന് ഞാൻ നീട്ടിക്കൊടുക്കുന്നു. ഞെരുക്കമുള്ളവനോടു വിട്ടുവീഴ്ച ചെയ്യുന്നു. അപ്പോൾ അയാൾക്ക് മാപ്പു ചെയ്യപ്പെട്ടു.

ഹദ്റത്ത് അബൂമസ്ഊദ്(റ) പറഞ്ഞു: ഞാനും ഈ (ഹദീഥ്) നബി(സ)തിരുമേനിയിൽ നിന്ന് കേട്ടിട്ടുണ്ട്.

### കടം നന്നായി വീട്ടുന്നവൻ

(2392) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തു വന്നു. അയാൾ തനിക്കു തരുവാനുള്ള ഒട്ടകം നബിയോടു ചോദിച്ചു. നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു: നിങ്ങൾ അതിനെ അയാൾക്ക് നല്കുവിൻ. അവർ നബി(സ) കടം വാങ്ങിയതുപോലുള്ള ഒട്ടകത്തെ അന്വേഷിച്ചു. എന്നാൽ, അതിനെക്കാൾ ഉത്തമമായതാണ് അവർക്കു കിട്ടിയത്. നബി(സ)പറഞ്ഞു, അതു നിങ്ങൾ അയാൾക്ക് കൊടുക്കുക. അയാൾ പറഞ്ഞു:അങ്ങ് എനിക്ക് പൂർത്തിയാക്കിത്തന്നു. അങ്ങയ്ക്ക് അല്ലാഹു പൂർത്തിയാക്കിത്തരട്ടെ. നബി(സ) പറഞ്ഞു: നിങ്ങളിലേറ്റവും ഉത്തമൻ കടം നന്നായി വീട്ടുന്നവനാണ്.




https://www.akhbarbadr.in/

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 ഏപ്രിൽ 28 (സമ്പൂർണ തർജമ)

ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## എന്റെ ജമാഅത്തിലായിക്കൊണ്ട് എന്റെ ഇംഗിതമനുസരിച്ച് നടക്കാത്തവൻ ഉണങ്ങിയ ശാഖയാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ഞാനൊരു ഗ്രന്ഥം എഴുതാൻ പേകുകയാണ്. അതിൽ തങ്ങളുടെ വികാരാവേശങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവരെയെല്ലാം ഒഴിവാക്കുന്നതായിരിക്കും. അതിനിസ്സാരമായ കാര്യങ്ങളിൽ വഴക്കുണ്ടാകുന്നു. ഉദാഹരണത്തിന് ഏതോ ചാട്ടക്കാരനായ ചാമ്പ്യൻ 10 അടി ചാടിയെന്ന് ഒരാൾ പറയുന്നു:മറ്റുള്ളവൻ അതിനെ എതിർക്കാൻ തുടങ്ങുന്നു. ഇപ്രകാരം പകയുണ്ടാകുന്നു. ഓർമിക്കുവിൻ, വെറുപ്പ് അകലുക എന്നത് മഹ്ദിയുടെ അടയാളമാണ്. ആ അടയാളം പൂർത്തിയാകുകയില്ലേ? തീർച്ചയായും പൂർത്തിയാകുന്നതായിരിക്കും. നിങ്ങളെന്തുകൊണ്ട് ക്ഷമിക്കുന്നില്ല? വൈദ്യപരമായ കാര്യം പോലെ, ചില രോഗങ്ങളെ ഉന്മൂലനം ചെയ്യാത്തിടത്തോളം രോഗം മാറുകയില്ല. ഞാൻ മുഖേന ഒരു സ്വാലിഹായ ജമാഅത്ത് ജന്മം കൊള്ളും. പരസ്പരമുള്ള ശത്രുതയ്ക്ക് കാരണമെന്താണ്? പിശുക്കാണ്,അഹങ്കാരമാണ്, സ്വാർഥതയാണ്, വികാരാവേശങ്ങളുമാണ്. അടുത്തുതന്നെ ഒരു ഗ്രന്ഥമെഴുതുമെന്ന് ഞാൻ പറയുകയുണ്ടായി. തങ്ങളുടെ വികാരാവേശങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവരെയും പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടുംകൂടി ഇരിക്കാത്തവരേയും ജമാഅത്തിൽനിന്ന് ഒഴിവാക്കുന്നതായിരിക്കും. അത്തരക്കാർ ഓർമിച്ചുകൊള്ളുവിൻ! ഉത്തമമായ മാതൃക കാഴ്ച വെക്കാത്തിടത്തോളം അവർ അല്പ ദിവസത്തെ അതിഥികളാണ്. ആരെങ്കിലും കാരണത്താൽ ആക്ഷേപം ഏറ്റുവാങ്ങാൻ ഞാനാഗ്രഹിക്കുന്നില്ല. എന്റെ ജമാഅത്തിലായിക്കൊണ്ട് എന്റെ ഇംഗിതമനുസരിച്ച് നടക്കാത്തവൻ ഉണങ്ങിയ ശാഖയാണ്. തോട്ടക്കാരൻ അത് മുറിച്ചുകളയുകയല്ലാതെ എന്തു ചെയ്യാനാണ്? ഉണങ്ങിവരുന്ന ശാഖ മറ്റു പച്ചയായ ശാഖകളോടൊപ്പം ഇരുന്ന് വെള്ളം വലിക്കുന്നുവെങ്കിലും അതിനെ പച്ചശാഖയാക്കാൻ സാധിക്കുകയില്ല. എന്നല്ല ആ ശാഖ മറ്റുള്ളതിനേയും നശിപ്പിച്ചു കളയുന്നു. അതുകൊണ്ട് ഭയപ്പെടുക. തന്റെ ചികിത്സ നടത്താത്തവൻ എന്നോടൊപ്പം ഇരിക്കുകയില്ല.”(മൽഫൂദാത്ത് വാല്യം 1, പേജ് 458, പ്രസാധനം ഖാദിയാൻ 2018)

**ചിലയാളുകൾ പിശുക്ക് കാരണത്താൽ മക്കൾക്ക് വയറുനിറയെ ഭക്ഷണം കൊടുക്കുന്നില്ല. അല്ലെങ്കിൽ ശാരീരിക വളർച്ചയ്ക്ക് അനുയോജ്യമായ നിലയിലുള്ള ഭക്ഷണം കൊടുക്കുന്നില്ല. ഉചിതമായ വസ്ത്രം കൊടുക്കുന്നില്ല. ഇങ്ങനെ ചെയ്യൽ കൊല്ലുന്നതിനു തുല്യമാണ്.**

**പണം ചെലവഴിക്കേണ്ടിവരുമെന്ന ഭയത്താൽ നല്ല വിദ്യാഭ്യാസവും നല്കുന്നില്ല. അങ്ങനെ കുട്ടിയുടെ ധാർമികപരവും ആത്മീയപരവുമായ കൊലയ്ക്ക് നിമിത്തമാകുന്നു.**

**ഈ ആയത്തിൽ അല്ലാഹു മുഅ്മിനീങ്ങളെ ഉപദേശിക്കുകയാണ്. ഈ പ്രവൃത്തിയിൽ നിന്ന് പിന്മാറുക. കുട്ടികളുടെ ആരോഗ്യത്തിന്റേയും ധാർമികതയുടേയും നന്മയ്ക്കുവേണ്ടി അനിവാര്യമായ ചെലവുകളിൽനിന്ന് ഒരിക്കലും പിന്നാക്കം പോകരുത്.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) സൂറ ബനീ ഇസ്റാഈലിലെ 32-മത്തെ വചനമായ **വലാ തഖ്തുലൂ ഔലാദക്കും ഖശ്‌യത്ത ഇംലാഖിൻ നഹ് നു നർസുഖുഹും വ ഇയ്യാക്കും ഇന്ന ഖത്‌ലഹും കാന ഖിത്വ്അൻ കബീറൻ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: **ലാ തഖ്തുലൂ ഔലാദക്കും ഖശ്‌യത്ത ഇംലാഖിൻ** അതായത് കുട്ടികളുടെമേൽ പണം ചെലവഴിക്കേണ്ടിവരും എന്ന ഭയംകൊണ്ട് നിങ്ങൾ അവരെ കൊല്ലരുത്. ഈ കല്പന പെൺകുട്ടികളെ കൊല്ലുന്നതിനെ സംബന്ധിച്ചല്ല. കാരണം വിശുദ്ധ ഖുർആനിൽ ഒരിടത്തും ആളുകൾ ചെലവിനെ ഭയന്ന് പെൺകുട്ടികളെ കൊല്ലുന്നുവെന്ന് വിവരിച്ചിട്ടില്ല. പ്രത്യുത അവിടെ പറഞ്ഞിട്ടുള്ള കാരണം അവരുടെ ജനനത്തെ തങ്ങളുടെ അപമാനത്തിന് നിമിത്തമായി അവർ മനസ്സിലാക്കുന്നതുകൊണ്ട് അവരെ കൊല്ലുന്നുവെന്നാണ്. ഇപ്രകാരംതന്നെ ആയത്തിന് ദാരിദ്ര്യംകൊണ്ടും ഞെരുക്കംകൊണ്ടും സന്താനങ്ങളെ കൊല്ലരുതെന്ന അർഥവും ആകാവതല്ല. എന്തുകൊണ്ടെന്നാൽ, ഇംലാഖ് എന്നതിന്റെ അർഥം ദാരിദ്ര്യം, ഞെരുക്കം എന്നല്ല. പ്രത്യുത അതിന്റെ അർഥം സമ്പത്ത് ചെലവഴിക്കുക എന്നതാണ്. ആയത്തിന്റെ അർഥം അവരുടെമേൽ പണം ചെലവഴിക്കപ്പെടുമെന്ന ഭയത്താൽ കൊല്ലരുതെന്നാണ്.

ഇവിടെ ഒരു ചോദ്യമുണ്ടാകുന്നു. പണം ചെലവഴിക്കാതിരിക്കാൻ ആരെങ്കിലും മക്കളെ കൊല ചെയ്യുമോ? അതിനാൽ ലോകത്തിന്റെ അനുഭവത്തെ സംബന്ധിച്ചിടത്തോളം ഇത്തരം സംഭവങ്ങൾ ശരിയായ ബുദ്ധിയുള്ള ആളുകളിൽ ലഭിക്കുകയില്ല. പ്രത്യുത പണം കൈയിലില്ലാത്തവരും കുട്ടികളെ കൊല്ലുകയില്ലെന്നാണ് നമ്മൾ കാണുന്നത്. ഇതിൽനിന്ന് മനസ്സിലാകുന്നത് ഈ കൊലയ്ക്ക് മറ്റെന്തോ അർഥമുണ്ടെന്നാണ്. നമ്മൾ മനുഷ്യരിൽ ഈ കുറ്റത്തിന്റെ കാരണം അന്വേഷിക്കേണ്ടതാണ്. നമ്മൾ വിവിധ മനുഷ്യരുടെ അവസ്ഥകൾ നോക്കുമ്പോൾ ചിലയാളുകൾ പിശുക്ക് കാരണത്താൽ മക്കൾക്ക് ശരിയായ ശിക്ഷണം നല്കുന്നില്ലെന്ന് നമുക്ക് മനസ്സിലാകുന്നു. വയറുനിറയെ ഭക്ഷണവും കൊടുക്കുന്നില്ല. അല്ലെങ്കിൽ ശാരീരിക വളർച്ചയ്ക്ക് അനുയോജ്യമായ നിലയിലുള്ള ഭക്ഷണം കൊടുക്കുന്നില്ല. ഇത്തരം പിശുക്ക് ബുദ്ധിമാന്ദ്യം സംഭവിച്ചവരിൽ തന്നെയാണ് ലഭിക്കുന്നതെന്നതിൽ സംശയമില്ല. അവർ വിഷംകൊടുത്തോ കഴുത്ത് ഞെരിച്ചോ തങ്ങളുടെ മക്കൾക്കുവേണ്ടി പ

(ശേഷം പേജ് 10 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**"നാം അല്ലാഹുവിൽനിന്ന് സ്വബ്റിനുവേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്നു." (ഹദ്റത്ത് മസീഹ് മൗഊദ്[അ])**

പ്രവാചകന്മാരുടെ ജമാഅത്തുകളുടെ ജോലി ക്ഷമയും നിയമവും അനുസരിക്കുക എന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്[അ] ഒട്ടനവധി സ്ഥലങ്ങളിൽ സ്വബ്ർ ചെയ്യാൻ ഉപദേശിക്കുകയും ദുആ ചെയ്യാൻ പറയുകയും ചെയ്തിരുന്നു. അദ്ദേഹം വ്യക്തമായും പറയുന്നു: "മൃദുലമായ കാലുകളുള്ളവർക്ക് എന്നോടൊപ്പം മുള്ളുകളും കല്ലുകളുമുള്ള വഴിയിലൂടെ നടക്കാൻ സാധ്യമല്ല. ക്ഷമിക്കാൻ കഴിവില്ലാത്തവർ എന്നെ ഒഴിവാക്കി പൊയ്ക്കൊള്ളട്ടെ!"

ഈ ക്ഷമ തന്നെയാണ് ജമാഅത്തിനെ ലോകത്ത് വ്യതിരിക്താവസ്ഥയിൽ നിലനിറുത്തിയിട്ടുള്ളത്.

**നമ്മൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചു. അതായത് സമാധാനം നിലനിറുത്തുന്നതിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതിനും നമുക്ക് നല്കിയ പാഠം നിങ്ങൾ സ്വബ്റോടുകൂടി പ്രവർത്തിക്കണമെന്നാണ്.**

സ്വബ്ർ പ്രവാചകന്മാരുടെ ജമാഅത്തുകളുടെ ഏറ്റവും പ്രധാനപ്പെട്ടതും ഒന്നാമത്തേതുമായ നിർബന്ധ കടമകളിൽപ്പെട്ടതാണ്. അതു കൂടാതെ ഒരു ജമാഅത്തും പുരോഗതി കൈവരിക്കുകയില്ല.ലോകത്തെ തങ്ങളുടെ പിന്നാലെ നടത്താൻ നിർബന്ധിക്കാനും സാധ്യമല്ല.

സ്ഥിരചിത്തതയോടുകൂടി നിങ്ങളുടെ ഉൾഭാഗം ശുദ്ധിയാക്കുക എന്നതാണ് യഥാർഥ സ്വബ്ർ. അത്തരക്കാരാണെങ്കിൽ അല്ലാഹു അവരെ സഹായിക്കുന്നതിന് അവർ സങ്കൽപ്പിക്കാത്ത സ്ഥലങ്ങളിലൂടെ വരുന്നതാണ്.

**എപ്പോഴും ഓർക്കേണ്ടതാണ്, സ്വബ്ർ ഏതെങ്കിലും ബലഹീനത കാരണത്താലാവകുത്. ഭൗതികമായ എന്തെങ്കിലും ഭയം കാരണത്താലുമാകരുത്. പ്രത്യുത കേവലം അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടായിരിക്കണം. അപ്പോഴാണ് അത് അല്ലാഹുവിന്റെ കൃപകളെ വലിച്ചെടുക്കുന്ന യഥാർഥ സ്വബ്റാകുന്നത്.**

**പ്രവാചകന്മാരുടേയും അവരുടെ ജമാഅത്തുകളുടേയും ചര്യ സ്വബ്റും ദുആയും പ്രാവർത്തികമാക്കുകയാണ്. അതാണ് അല്ലാഹുവിന്റേയും റസൂലിന്റേയും കല്പന. ഹദ്റത്ത് മസീഹ് മൗഊദ്[അ] നൽകിയ അധ്യാപനവും അതുതന്നെയാണ്.**

നമ്മൾ ജമാഅത്തിന്റെ വിശാലമായ നേട്ടങ്ങൾക്കുവേണ്ടി താൽക്കാലികവും നിസ്സാരവുമായ ബുദ്ധിമുട്ടുകളെ ക്ഷമയോടുകൂടി സഹിക്കണമെന്ന കാര്യം നമ്മൾ എപ്പോഴും ഓർമവെക്കേണ്ടതാണ്.

**ഞാൻ നിങ്ങളോടു സത്യമായും സത്യമായും പറയുന്നു, സ്വബ്ർ കൈയിൽനിന്ന് വിട്ടുകളയരുത്. സ്വബ്റിന്റെ ആയുധം എങ്ങനെയുള്ളതാണെന്നാൽ സ്വബ്ർ കൊണ്ടു നടക്കുന്ന ജോലി പീരങ്കികൾകൊണ്ട് നടക്കുകയില്ല. സ്വബ്ർ തന്നെയാണ് മനുഷ്യഹൃദയങ്ങളെ കീഴടക്കുന്നത്.**

**ഖുത്ബ ജുമുഅ 2023 ഏപ്രിൽ 28/1402 ശഹാദത്ത് 28**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

പാക്കിസ്താനിലും മറ്റു ചില രാജ്യങ്ങളിലും ജമാഅത്തിന്റെ അവസ്ഥയിൽ നമ്മൾ ക്ഷമ കൈക്കൊള്ളുന്നതിനുപകരം എന്തെങ്കിലും പ്രതികരിക്കണമെന്ന് പറഞ്ഞ് ചിലർ എനിക്കെഴുതുകയും അതിനുവേണ്ടി ശക്തമായ തെളിവുകൾ നൽകാൻ ശ്രമിക്കുകയും ചെയ്യുന്നു. ഒരുപാട് ക്ഷമിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് അവർ പറയുന്നു. അവർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഉദാഹരണങ്ങൾ നില്കാൻ ശ്രമിക്കുകയും ജമാഅത്ത് ഇങ്ങനെ പ്രതികരിച്ചിട്ടുണ്ടെന്നും ചില സ്ഥലങ്ങളിൽ അദ്ദേഹം പ്രതികരിക്കാൻ അനുവാദം നല്കിയിരുന്നുവെന്നും പറയുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നോടു ചേർത്തു പറയുന്ന ഇക്കാര്യങ്ങളെല്ലാം തികച്ചും തെറ്റാണ്. അക്കാര്യങ്ങൾ തെറ്റായ നിലയിലാണ് മനസ്സിലാക്കിയിട്ടുള്ളത്. ചില സംഭവങ്ങൾ മുന്നിൽ വന്നിട്ടുണ്ടാകാം. പക്ഷേ, അത് മനസ്സിലാക്കിയിട്ടുള്ളത് തെറ്റായ നിലയിലാണ്. അതേ, അദ്ദേഹം നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ചില നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ, ഒന്നും ചിന്തിക്കാതെ കലാപകാരികളുടെ ജാഥകൾപോലെ, ജാഥകൾ നടത്താൻ അനുമതി നല്കുകയല്ല ചെയ്തത്. ഇനി എവിടെയെങ്കിലും വല്ല പ്രതിഷേധവും ഏതെങ്കിലും വിധത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കാലത്തിന്റെ ഖലീഫയുടെ അനുമതിയോടെയായിരുന്നു. അല്ലാതെ ഓരോ ഓഫീസറും സ്വന്തം നിലയ്ക്ക് തങ്ങളുടെ ആളുകളെ ഒരുമിച്ചുകൂട്ടി പ്രതിഷേധിക്കുകയല്ലായിരുന്നു. ഏതായാലും ഇന്ത്യാവിഭജനത്തിനുമുമ്പേ ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ ഭരണമായിരുന്നു. ചില ഇംഗ്ലീഷ് ഓഫീസർമാരും നമ്മുടെ എതിരാളികളായ മറ്റു ഓഫീസർമാരും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണങ്ങളെ പ്രകോപനപരമായ പ്രസംഗങ്ങളെന്ന് പറഞ്ഞ് അദ്ദേഹത്തിനുമേൽ കൈവെക്കാൻ ഒരുപാട് ശ്രമിച്ചിരുന്നു. എന്നാൽ, ഓരോ പ്രാവശ്യവും എതിരാളികൾക്കും ഓഫീസർമാർക്കും അവരുടെ മുഖമെന്താണെന്ന് വ്യക്തമാക്കിക്കാണിച്ചുകൊണ്ട് അവസാനം എപ്പോഴും ജമാഅത്തിനോടു പ്രവാചകന്മാരുടെ ജമാഅത്തുകളുടെ കർത്തവ്യം ക്ഷമയും നിയമപാലനവുമാണെന്ന് പറുകയുമാണ് ചെയ്തിരുന്നത്. അതേപറ്റി അക്കാലത്തെ എതിരാളികളായ ഓഫീസർമാരും അംഗീകരിച്ചിരുന്നു. അതായത് പ്രസംഗം നടക്കുമ്പോൾ ഇന്ന് അദ്ദേഹത്തിനുമേൽ കൈവെക്കാൻ അവസരം കിട്ടുമെന്നും കലാപവും സമാധാനഭംഗവും തുടങ്ങി വകുപ്പുകൾ ചുമത്തി കസ്റ്റഡിയിലെടുക്കാൻ കഴിയുമെന്നും അവർ കരുതിയിരുന്നു. എന്നാൽ, പ്രസംഗത്തിന്റെ അവസാനമാകുമ്പോൾ തികച്ചും മറ്റൊരു രീതിയിൽ ജമാഅത്തിനെ ഉപദേശിക്കുകയും നിയമപരിധിക്ക് പുറത്തുള്ള കാര്യങ്ങളെ വിലക്കുകയും ചെയ്തിരുന്നു. അങ്ങനെ എതിരാളികളായ ഓഫീസർമാരുടെ പദ്ധതികൾ വെള്ളത്തിലാകുമായിരുന്നു. മാത്രമല്ല ഇസ്‌ലാമികാധ്യാപനങ്ങൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾക്കും തികച്ചും വിപരീതമായ അധ്യാപനം അദ്ദേഹത്തിന് നല്കാൻ കഴിയുക എങ്ങനെയാണ്?

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒട്ടനവധി സ്ഥലങ്ങളിൽ സ്വബ്ർ ചെയ്യാൻ ഉപദേശിക്കുകയും ദുആ ചെയ്യാൻ പറയുകയും ചെയ്തിരുന്നു. അദ്ദേഹം വ്യക്തമായും പറയുന്നു: "മൃദുലമായ കാലുകളുള്ളവർക്ക് എന്നോടൊപ്പം മുള്ളുകളും കല്ലുകളുമുള്ള വഴിയിലൂടെ നടക്കാൻ സാധ്യമല്ല. ക്ഷമിക്കാൻ കഴിവില്ലാത്തവർ എന്നെ ഒഴിവാക്കി പൊയ്ക്കൊള്ളട്ടെ!" (അൻവാറുൽ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 23 –24)

ഈ ക്ഷമ തന്നെയാണ് ജമാഅത്തിനെ ലോകത്ത് വ്യതിരിക്താവസ്ഥയിൽ നിലനിറുത്തിയിട്ടുള്ളത്.

പല രാഷ്ട്രീയ നേതാക്കാളും മാധ്യമപ്രവർത്തകരും എന്നോടു ചോദിക്കുമ്പോൾ ഞാൻ അധികവും അവർക്ക് നല്കാറുള്ള മറുപടി ഇങ്ങനെയാണ്: "ഞങ്ങളെ ബുദ്ധിമുട്ടിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്ന രാജ്യങ്ങളിൽനിന്നുതന്നെയാണ് അഹ്മദികളായ ഞങ്ങളുമുണ്ടായത്.

ദ്രോഹങ്ങളുണ്ടായിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരിൽനിന്ന് ആളുകൾ വന്നുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ സ്വഭാവവും ഒരു കാലത്ത് അവരെപ്പോലെ തന്നെയായിരുന്നു. ഞങ്ങൾക്കും അവരെപ്പോലെ പ്രതീക്ഷിക്കാൻ കഴിയും. പക്ഷേ, ഞങ്ങൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു. അദ്ദേഹം സമാധാന സംസ്ഥാപനത്തിനും ദൈവികാനുഗ്രഹങ്ങൾക്ക് അവകാശികളാകാനും ഞങ്ങൾക്കു നല്കിയ അധ്യാപനം നിങ്ങൾ ക്ഷമകൈക്കൊള്ളണമെന്നാണ്.

അതേ സമയം നിയമപരിധിക്കുള്ളിൽനിന്നുകൊണ്ട് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ സാധ്യമായ ശ്രമങ്ങളൊക്കെ ചെയ്തുകൊള്ളുക. ചില സമയത്ത് ചില കാര്യങ്ങൾ നിയമപരമായ നടപടികൾ കൂടാതെ അല്ലാഹുവിൽ ഭരമേല്പിക്കാനും അദ്ദേഹം ഉപദേശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:"അല്ലാഹു താൻതന്നെ നമ്മുടെ സഹായത്തിന് വരുന്നതാണ്. അവൻ വരുകയും ചെയ്തിട്ടുണ്ട്. ഇതാണ് പ്രവാചകന്മാരുടെ ചരിത്രമെന്നറിയുക. നമ്മൾ ക്ഷമകൈക്കൊള്ളണമെന്നുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അധ്യാപനം. ഈ മറുപടിയിൽ ആളുകൾ ആശ്ചര്യപ്പെടുകയും സമാധാനം കാംക്ഷിക്കുന്നവരുടെ ശരിയായ പ്രതികരണം ഇതുതന്നെയാണെന്ന് പറഞ്ഞ് അവർ ശ്ലാഘിക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(അ)നെ സംബന്ധിച്ച് പറയുന്നവർക്ക് അദ്ദേഹത്തിന്റെ തന്നെ ഖുത്ബകളുടെ വെളിച്ചത്തിൽ കുറെക്കൂടി വിശദമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ ഖുത്ബയിൽ അദ്ദേഹം സ്വബ്റിന്റെ വിവക്ഷിതങ്ങൾ വളരെ വിശദമായി വിശദീകരിക്കുകയും അതിൽ വെളിച്ചം വീശുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല അതിനുശേഷം ധാർമികതയെ സംബന്ധിച്ച് അദ്ദേഹം ഒരു ഖുത്ബ പരമ്പരതന്നെ ആരംഭിക്കുകയും അതിനെ സ്വബ്ർ എന്ന വിഷയവുമായി ബന്ധിപ്പിക്കുകയും ചെയ്തു. ഏതായാലും ഈ ഖുത്ബകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഞാൻ ചില കാര്യങ്ങൾ വിവരിക്കുന്നതാണ്. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ സന്ദർഭങ്ങളിൽ അക്ഷമയേയും ക്ഷമയേയും സംബന്ധിച്ച് നൽകിയ അധ്യാപനങ്ങളുടെ ഉദ്ധരണികളും കേൾപ്പിക്കുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 'സ്വബ്ർ' അഥവാ ക്ഷമയെ വളരെ പ്രധാനപ്പെട്ട ഒരു സംഗതിയായി വിവരിച്ചിരിക്കുന്നു. ഇതു പ്രവാചകന്മാരുടെ ജമാഅത്തുകളുടെ വളരെ സുപ്രധാനവും പ്രഥമ കർത്തവ്യങ്ങളിൽപ്പെട്ടതുമായ കാര്യമാകുന്നു. ഇതുകൂടാതെ ഒരു ജമാഅത്തിനും പുരോഗതി പ്രാപിക്കാൻ സാധ്യമല്ല. തങ്ങൾക്കുപിന്നിൽ നടക്കാൻ ലോകത്തെ നിർബന്ധിക്കാനും കഴിയില്ല. ഈ കർത്തവ്യം നിറവേറ്റാതെ വിജയം കണ്ടെത്തിയ ഒരു ജമാഅത്തും കടന്നുകഴിഞ്ഞ് പോയിട്ടില്ല. അല്ലാഹു ഇതു വിശദീകരിച്ചിട്ടുണ്ട്. ചില ആയത്തുകളുടെ വിശദീകരണത്തിലും ഇതു വിവരിച്ചിട്ടുണ്ട്. ആദ്യത്തെ സ്വബ്ർ, ഒരാൾക്ക് പ്രതികരിക്കാൻ ശേഷിയും ശേമുഷിയുമുണ്ടായിട്ടും ക്ഷമ പ്രകടിപ്പിക്കുക എന്നതാണ്. രണ്ടാമത്തേത് എതിർക്കാൻ കഴിവില്ലാത്തതുകൊണ്ട് കാണിക്കുന്ന ക്ഷമയാണ്. ഇതു നിർബന്ധിതാവസ്ഥയിലുള്ള ക്ഷമയാണ്.

ശക്തിയുണ്ടായിട്ടും ക്ഷമ എന്നതുകൊണ്ടുള്ള വിവക്ഷിതം കുഴപ്പവും കലഹവുമുണ്ടാക്കുന്നവർക്കും അക്രമം ചെയ്യുന്നവർക്കും മറുപടി നല്കാതിരിക്കുക. എതിരാളികളുടേതുപോലെതന്നെ പ്രതികരിക്കാതിരിക്കുക. അല്ലാഹുവിനെ മുൻനിറുത്തി ക്ഷമ അതിന്റെ പരമസീമയിൽത്തന്നെ പ്രകടിപ്പിക്കുക. കഴിവില്ലാത്തപ്പോൾ ക്ഷമയെന്നാൽ ദൈവികമായ വിപത്തുകളുണ്ടാകുമ്പോൾ അല്ലാഹുവിന്റെ തൃപ്തിലാക്കാക്കി ക്ഷമയും നന്ദിയും കാണിക്കുക എന്നതാണ്. ഉർദുവിൽ 'സ്വബ്ർ'എന്നാൽ നിശബ്ദനായിരിക്കുക എന്നാണ്. അങ്ങനെ ചെയ്താൽ ക്ഷമയായി. എന്നാൽ, അറബിയിൽ ഇതിന് വളരെ വിശാലമായ അർഥങ്ങളുണ്ട്. അറബിയിൽ അർഥം നോക്കുമ്പോൾ സ്വബ്റിന്റെ യഥാർഥ അർഥമെന്തെന്നും ഒരു വിശ്വാസി എങ്ങനെ സ്വബ്ർ ചെയ്യണമെന്നും നമുക്ക് ശരിയായി മനസ്സിലാകുന്നതാണ്. അല്ലാഹു പല സ്ഥലങ്ങളിലും സ്വബ്റിനെപറ്റി പ്രതിപാദിച്ചിട്ടുണ്ട്. 'സ്വബ്ർ' എന്ന പദത്തിന്റെ യാഥാർഥ വിവക്ഷിതം ദൈവകല്പനകളെ മുന്നിൽവച്ചുകൊണ്ട് നിഘണ്ടുക്കളിൽ വിവരിച്ചിട്ടുണ്ട്. അതനുസരിച്ച് സ്വബ്റിന് മൂന്നു അർഥമുണ്ട്.

ഒന്ന് തിന്മകളിൽനിന്ന് രക്ഷപ്പെടുക. സ്വന്തം ആത്മാവിനെ അതിൽനിന്ന് തടയുക. രണ്ട് സൽക്കർമങ്ങളിൽ സ്ഥായിഭാവത്തോടെ നിലകൊള്ളുക. മൂന്ന് പരാതികൾ പറയുന്നതിൽനിന്ന് രക്ഷപ്പെടുക. ഈ അർഥമാണ് പൊതുവെ ഉർദുവിൽ സ്വീകരിക്കാറുള്ളത്.

ഒന്നാമത്തെ അർഥത്തിന്റെ അടിസ്ഥാനത്തിൽ തന്നിലേക്ക് വലിച്ചടുപ്പിക്കുന്ന തിന്മകൾക്കെതിരിൽ തുടർച്ചയായും സ്ഥായിയായും പോരാടുക. മാത്രമല്ല മേലിൽ ആകർഷിക്കപ്പെടാവുന്ന തിന്മകൾക്കെതിരിൽ പോരാടാൻ തയ്യാറായിരിക്കുക. തങ്ങൾ വലിയ ക്ഷമാശീലരാണെന്ന് പറഞ്ഞ് കൈകെട്ടിയിരുന്നാൽ മാത്രം മതിയാകുന്നതല്ല. മറിച്ച് സ്ഥായീഭാവത്തോടെ തങ്ങൾക്കുള്ളിൽ ശുദ്ധിവരുത്തുകയും ചെയ്യുന്നതാണ് യഥാർഥ ക്ഷമ. അങ്ങനെയുള്ളവരായിത്തീർന്നാൽ പിന്നെ ദൈവിക സഹായം ചിന്തിക്കാൻപോലും കഴിയാത്ത സ്ഥലങ്ങളിൽനിന്ന് വരുന്നതാണ്.

നമ്മൾ സ്വബ്റിന്റെ കോന്തല കൈവിടണമെന്നും അവരെപ്പോലെതന്നെ ചെയ്യണമെന്നും അങ്ങനെ തങ്ങളുടെ ലക്ഷ്യത്തിൽ വിജയിക്കണമെന്നും ശത്രുക്കൾ ആഗ്രഹിക്കുന്നു. എന്നാൽ, നിങ്ങൾ ബുദ്ധിപൂർവം കാര്യങ്ങൾ ചെയ്യേണ്ടതാണെന്ന് അല്ലാഹു നമ്മളോടു പറയുന്നു. അല്ലാഹുവിന്റെ കൽപനകൾ പ്രകാരം നിങ്ങൾ ഇക്കാര്യം ചെയ്യുന്നുണ്ടോ എന്ന് ആത്മപരിശോധനനടത്തുക. അങ്ങനെ അതനുസരിച്ച് പ്രവർത്തിക്കുക.

രണ്ടാമത്തെ വിവക്ഷിതമനുസരിച്ച് ഒരാൾ തനിക്ക് ലഭ്യമായ നന്മകളിൽ സ്ഥായീഭാവത്തോടെ അടിയുറച്ചു നിൽക്കുകയും ലഭ്യമാകാത്ത നന്മകൾക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്. ഇതും സ്വബ്റിന്റെ വകഭേദമാകുന്നു. ഇതും യഥാർഥത്തിൽ ഒരാൾക്ക് ദൈവസാമീപ്യം നല്കുന്നതാണ്. ഈ സാമീപ്യവും പ്രകടവും പ്രത്യക്ഷത്തിൽ ദുആകൾ മുഖേന ലഭ്യമാകുന്നതുമാണ്. അതേ കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് പറയുന്നു: **വസ്ത്തയീനൂ ബിസ്സ്വബ്രി വസ്സ്വലാത്ത് വ ഇന്നഹാ ല കബീറത്തുൻ ഇല്ലാ അലൽ ഖാശിയീൻ**(2:46) സഹനവും പ്രാർഥനയും മുഖേന നിങ്ങൾ സഹായാർഥന ചെയ്യുവിൻ. വിനയാന്വിതരല്ലാത്തവർക്ക് തീർച്ചയായും അത് ഭാരമേറിയതാകുന്നു. അല്ലാഹുവിനെ ഭയപ്പെടുകയും താഴ്മകാണിക്കുകയും ചെയ്യുന്നവർക്കുമാത്രമെ ഇത്തരം ക്ഷമ കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

മറ്റൊരു സ്ഥലത്ത് പറയുന്നു: **വല്ലദീന സ്വബ്റുബ്തിഗാഅ വജ്ഹി റബ്ബിഹിം വ അഖാമുസ്സ്വലാത്ത വ അൻഫഖൂ മിമ്മാ റസഖ്നാഹും സിർറൻ വ്വ അലാനിയത്തൻ വ്വ യദ്റഊന ബിൽഹസനത്തിസ്സയ്യിഅത്തി ഉലാഇക്ക ലഹും ഉഖബദ്ദാരി**(13:23)

തങ്ങളുടെ റബ്ബിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് സ്ഥിരത കൈക്കൊള്ളുകയും നമസ്കാരം നിലനിറുത്തുകയും നാം അവർക്ക് നല്കിയതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും തിന്മയെ നന്മകൊണ്ടു തടുക്കുകയും ചെയ്യുന്നവരുമാണവർ(ആ ബുദ്ധിമാന്മാർ). അവർക്കാണ് ആ (പാരത്രിക) ഭവനത്തിന്റെ ഏറ്റവും നല്ല പര്യവസാനം. ഇവിടെയുള്ള വീട്, ഈ ലോകം ഇതൊക്കെ താൽക്കാലികമാണ്. ഇവിടെ പ്രയാസങ്ങളുമുണ്ട്. പര്യവസാനമെന്ന നിലയ്ക്കുള്ള അവസാനത്തെ ഭവനം അല്ലാഹുവിന്റെ സമ്പ്രീതി ആഗ്രഹിക്കുന്നവർക്കാണുണ്ടാകുക.

അതുകൊണ്ട് സ്വബ്ർ ദൃഢനിശ്ചയത്തോടെ, വിനയത്തോടെ, ദുആകളോടെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന്റെ പേരാണ്. ഇത് നമ്മുടെ അവസ്ഥകളെ ദൈവികാധ്യാപനങ്ങൾക്ക് അനുസൃതമാക്കുകയും അങ്ങനെ നമ്മുടെ ജീവിതം നയിക്കുകയും ചെയ്യുമ്പോഴാണ് ലഭിക്കുക. ദൈവപ്രീതി കരസ്ഥമാക്കുന്നത് നമ്മുടെ ലക്ഷ്യമായിരിക്കും. ഇനി പറഞ്ഞുവന്നതുപോലെ സ്വബ്ർ അഥവാ ക്ഷമ എന്നതിന്റെ മറ്റൊരു അർഥം പരാതി പറയാതിരിക്കുക എന്നതാണ്. പ്രത്യക്ഷത്തിലുള്ള പരീക്ഷണങ്ങൾ, രോഗങ്ങൾ, സാമ്പത്തിക നഷ്ടങ്ങൾ, അല്ലെങ്കിൽ മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകൾ വരുമ്പോൾ പരിഭ്രമിക്കുകയോ പരാതിപ്പെടുന്ന രീതിയിൽ അല്ലാഹു തന്നോടു ഇതെന്താണ് ചെയ്തതെന്ന് ചോദിക്കുകയോ ചെയ്യരുത്. ഇതെല്ലാം അക്ഷമയുടെ അടയാളങ്ങളാണ്.

അല്ലാഹുവിനെപറ്റി പരാതി പറയുന്നത് തികച്ചും തെറ്റാകുന്നു. തന്റെ കൈയിലുള്ളതെല്ലാം അല്ലാഹു അനുഗ്രഹമെന്ന നിലയ്ക്ക് തനിക്ക് തന്നതാണെന്നും ഇന്ന് അത് അല്ലാഹു എടുത്തിട്ടുണ്ടെങ്കിൽ നാളെ തിരിച്ചുതരുമെന്നുമാണ് എപ്പോഴും ചിന്തിക്കേണ്ടത്. ഈ ചിന്തയുള്ളവരാണ് യഥാർഥ വിശ്വാസികൾ. ഇങ്ങനെ സ്വബ്ർ ചെയ്യുന്നവരാണ് ദൈവദൃഷ്ടിയിൽ യഥാർഥ ക്ഷമാശീലരായിരിക്കുക.

ഈ മൂന്നു അർഥമാണ് സ്വബ്റിനുള്ളത്. എന്നാൽ, ഓർക്കുക! സ്വബ്ർ എന്തെങ്കിലും ദൗർബല്യമോ ഭൗതികഭയമോ കാരണത്താലായിരിക്കരുത്. പ്രത്യുത തികച്ചും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയായിരിക്കണം. അപ്പോൾ അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്ന യഥാർഥ സ്വബ്റായിത്തീരുന്നതാണ്.

ഒരാൾ മേലുദ്യോഗസ്ഥനുമുന്നിൽ അല്ലെങ്കിൽ രാജാവിനുമുന്നിൽ അയാളുടെ ദ്രോഹങ്ങളുണ്ടായിട്ടും മൗനം അവലംബിക്കുന്നത് അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയമായി സ്വബ്ർ കാണിക്കുക എന്ന നിലയിലാണെങ്കിൽ അതാണ് യഥാർഥ സ്വബ്ർ. അത് ജീവിതഭയംകൊണ്ടാണെങ്കിൽ തെറ്റാകുന്നു. നാം സ്വബ്റിനെ പറ്റി ഉപദേശിക്കുന്നത് അത് അല്ലാഹുവിന്റെ കൽപനയായതുകൊണ്ടു മാത്രമാണ്.

പ്രതികാരംതന്നെ ചെയ്യാനാണെങ്കിൽ നിരവധി അഹ്മദികൾ അതിനുവേണ്ടി തങ്ങളുടെ ജീവൻ തങ്ങൾക്കൊരു പ്രശ്നമല്ലെന്ന ആവേശത്തോടെ കാത്തിരിക്കുന്നുണ്ടാകും. തങ്ങൾ പകരം ചോദിച്ചുകൊണ്ട് ഒരിക്കൽ ഈ അക്രമകാരികളെ അതിന്റെ രുചി ആസ്വദിപ്പിക്കുമെന്ന് കരുതുന്നുണ്ടാകും. എന്നാൽ, നമ്മൾ ഒരിക്കലും അങ്ങനെ ചെയ്യുന്നതല്ല. അത് നമുക്ക് നല്കപ്പെട്ട സുശിക്ഷണത്തിന് വിരുദ്ധമാകുന്നു. നമ്മൾ അത്തരം നീക്കങ്ങളെ വെറുക്കുന്നു. കാരണം ഇത് പ്ര

വാചകന്മാരുടെ ജമാഅത്തുകളുടെ ചര്യയല്ല. നമ്മൾ ബയ്അത്തിന്റെ ഉടമ്പടിയിൽ മനുഷ്യകുലത്തെ എല്ലാവിധ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്തവരാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളെ വളരെ ശക്തമായി ഇത്തരം കാര്യങ്ങളിൽനിന്ന് വിലക്കിയിരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വബ്ർ എന്ന വിഷയത്തിൽ മറ്റൊരു വിശദീകരണം കൂടി നല്കിയിട്ടുണ്ട്. അതായത് ഓർക്കുക! നിങ്ങളുടെ കർമങ്ങൾകൊണ്ട് സ്വബ്റിലും ദുരഭിമാനത്തിലുമുള്ള വ്യത്യാസം പ്രകടമായി കാണേണ്ടതാണ്. ഉദാഹരണത്തിന് ഒരാൾ തന്റെ അത്യാവശ്യകാര്യത്തിനുവേണ്ടി ഒരാളുടെ അടുക്കൽ കുറച്ചു പണം ചോദിക്കാൻ ചെല്ലുമ്പോൾ അപരൻ അയാളെ ശകാരിക്കുകയും നാണംകെട്ടവനെന്നും ആത്മാഭിമാനം ഇല്ലാത്തവനുമെന്നു പറഞ്ഞ് ഏറെ അപമാനിക്കുകയും ചെയ്യുകയാണെങ്കിൽ പണം ചോദിക്കാൻ പോയ ആൾ, ഇപ്പോൾ തന്റെ ആവശ്യമാണതെന്നും അതുകൊണ്ട് ശകാരം കേൾക്കാതെ നിർവാഹമില്ലെന്നും കരുതി അതെല്ലാം ചിരിച്ചു തള്ളുകയാണെങ്കിൽ അത് നാണക്കേടും ആത്മാഭിമാനമില്ലായ്മയുമാണ്. എന്നാൽ, ചിലപ്പോൾ സാമൂഹികവും മതപരവുമായ ആവശ്യങ്ങൾക്കുവേണ്ടി സ്വബ്ർ ചെയ്യേണ്ടിവരും. മൗനം അവലംബിക്കേണ്ടിവരും. ഈ സ്വബ്ർ സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടിയായിരിക്കുകയില്ല. അതുകൊണ്ട് അത് യഥാർഥ സ്വബ്റാകുന്നു. അത് ആത്മാഭിമാനമില്ലായ്മയല്ല. ഉദാഹരണത്തിന് പകരം ചോദിക്കുന്നതുകൊണ്ട് തന്റെ സമുദായത്തിന് പ്രയാസമുണ്ടാകുമെന്ന് കണ്ടാൽ അവിടെ ആക്രമിക്കുകയും സ്വബ്ർ കാണിക്കാതിരിക്കുകയും ചെയ്യുന്നവൻ വിഡ്ഢി എന്നു പറയപ്പെടുന്നതാണ്. കാരണം അതുകൊണ്ട് അയാൾ തന്റെ സമുദായത്തിന് നഷ്ടം വരുത്തുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ ഒരാൾ തന്റെ സമുദായനന്മ ലാക്കാക്കി പ്രതികാരം ചോദിക്കുന്നില്ലെങ്കിൽ ലോകത്തെ നഷ്ടങ്ങളിൽനിന്ന് രക്ഷിക്കാൻ സ്വബ്ർ ചെയ്യുകയാണെങ്കിൽ അയാളുടെ സ്വബ്ർ, സ്വബ്ർ എന്നു പറയപ്പെടുന്നതാണ്.

അതുകൊണ്ട് ഇക്കാര്യം നമ്മൾ ഓർമവെക്കേണ്ടതാണ്. ചിലയാളുകൾ വളരെ ആവേശത്തിൽവന്ന് ഇന്നയാളെ പോലീസ് അറസ്റ്റു ചെയ്തുവെന്നും അതുകൊണ്ട് സംഘടിക്കുകയും ജാഥ നടത്തുകയും ചെയ്യണമെന്നും പറയുന്നു. ഇതെല്ലാം തെറ്റായ കാര്യങ്ങളാകുന്നു. ശത്രു ആഗ്രഹിക്കുന്നത് ഇത്തരത്തിൽ നമ്മൾ പ്രതികരിക്കണമെന്നാണ്. അങ്ങനെ കൂടുതൽ ശക്തിയോടെ തങ്ങൾ പ്രതികരിക്കണമെന്നാണ്. നേരത്തെതന്നെ നമുക്കെതിരിലുള്ള പോലീസുകാരുമായി കൂടിച്ചേർന്ന് ഈ അഹ്മദികളെ കീഴ്പ്പെടുത്താമെന്നും അവരുടെ സംവിധാനത്തിനുമേൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താമെന്നും അല്ലെങ്കിൽ അതിന്റെ ആവശ്യമുന്നയിക്കാമെന്നും അവർ കരുതുകയാണ്. അതേ സമയം ഭരണകൂടവും ഓഫീസർമാരും ഭൂരിപക്ഷമാളുകളും അവരെ പിന്തുണയ്ക്കുകയും ചെയ്യുന്നു. അത്തരം സന്ദർഭത്തിൽനിന്ന് കപടവിശ്വാസികളും പ്രയോജനമെടുക്കുന്നു. അത്തരം അവസരങ്ങളിൽ അവിടെ ഇത്തരത്തിലുള്ള പ്രതികരണം ഉണ്ടാകുകയാണെങ്കിൽ അവസ്ഥകൾ വഷളാകുന്നതായിരിക്കും. ജമാഅത്തിന്റെ ചരിത്രത്തിൽ അത്തരം ചില സംഭവങ്ങൾ കാണാം. അതിന് നേട്ടത്തിനു പകരം നഷ്ടമാണുണ്ടായിട്ടുള്ളത്. സ്വബ്ർ പ്രകടിപ്പിച്ചുകൊണ്ട് അവസ്ഥകൾ നന്നാക്കിത്തീർക്കാൻ നിയമപരമായി ശ്രമിക്കപ്പെട്ടപ്പോൾ എല്ലാ സ്ഥലത്തും നൂറു ശതമാനമല്ലെങ്കിൽപ്പോലും ഒരുപാടു സ്ഥലങ്ങളിൽ അതിന് ഫലമുണ്ടായിട്ടുണ്ട്.

ഈ സന്ദേശം എന്തായാലും ഞങ്ങളെത്തിക്കുകയാണ്. ഞങ്ങളും ഈ ജനതയുടെ ഭാഗംതന്നെയാണ്. തെറ്റായ പ്രകടനങ്ങൾ ഞങ്ങളിൽനിന്നും ഉണ്ടാകാവുന്നതാണ്. അല്ലെങ്കിൽ ഞങ്ങളിലെ ഏതൊരു വ്യക്തിയിൽനിന്നും ഉണ്ടാകാവുന്നതാണ്. പക്ഷേ, ഞങ്ങൾ അത് ചെയ്യുകയില്ല.

ഇത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. പതുക്കെപ്പതുക്കെ ചില ഓഫീസർമാരിലും ഇതിന്റെ നല്ല പ്രഭാവവുമുണ്ടാകുന്നുണ്ട്. അത്തരം ചില കാര്യങ്ങൾ അനുഭവത്തിൽ വന്നിട്ടുണ്ട്. നമ്മൾ ശകാരത്തിനുപകരം ശകാരവും മർദനത്തിനു പകരം മർദനവും തുടങ്ങിയാൽ അനുകൂലികൾക്കുമേൽ നമ്മൾ നല്ല പ്രഭാവമുണ്ടാക്കുന്നതിനു പകരം മോശം പ്രതികരണമായിരിക്കുമുണ്ടാകുക. പിന്നെ അവർ ചോദിക്കും, ഞങ്ങൾ ഇവരിൽ ചേരാൻ മാത്രം വാഗ്ദത്ത മസീഹ് വന്നതുകൊണ്ട് ഇവരിൽ എന്തുഗുണപ്രദമായ മാറ്റമാണുണ്ടാക്കിയത്? ഇവരുടെ എതിരാളികളെപ്പോലെതന്നെയാണ് ഇവർക്ക് എതിരാളികളോടുള്ള പെരുമാറ്റവും!

പ്രവാചകന്മാരുടേയും അവരുടെ ജമാഅത്തുകളുടേയും ചര്യ സ്വബ്റും ദുആയും പ്രാവർത്തികമാക്കുകയാണ്. അതാണ് അല്ലാഹുവിന്റേയും റസൂലിന്റേയും കല്പന. ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ അധ്യാപനവും അതുതന്നെയാണ്.

അതുകൊണ്ട് നമ്മൾ ജമാഅത്തിന്റെ വിശാലമായ നന്മക്കുവേണ്ടി താൽക്കാലികവും ചെറുതുമായ പ്രയാസങ്ങളെ സ്വബ്റുകൊണ്ട് സഹിക്കേണ്ടതാണ്. എന്നല്ല ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സന്ദർഭത്തിൽ പറഞ്ഞു: നമുക്ക് ചില സന്ദർഭങ്ങളിൽ നിയമത്തിന്റെ വാതിലുകൾ മുട്ടേണ്ട ആവശ്യവുമില്ല. ദ്രോഹങ്ങൾ സ്വബ്ർ ചെയ്തുകൊണ്ട് സഹിക്കേണ്ടതാണ്. ചിലർ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിൽ ചില കഠിനമായ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്നും അതുകൊണ്ട് നമുക്കും അങ്ങനെ ചെയ്യാമെന്നും, പറയാനിടയുണ്ടെന്നും പറഞ്ഞുകൊണ്ട് ഇപ്രകാരം ഉപദേശിക്കുന്നു.

അത്തരമാളുകൾ ഓർക്കുക! അല്ലാഹുവിന്റേയും പ്രവാചകന്റേയും മഹത്ത്വമൊന്നു വേറെതന്നെയാണ്. നമുക്ക് ഭൗതിക ലോകത്തും ഇതു കാണാൻ കഴിയുന്നു. ഒരു മജിസ്ട്രേറ്റ് അല്ലെങ്കിൽ ജഡ്ജി കുറ്റവാളിയെ കള്ളനെന്ന് പറയുന്നു. അത് അദ്ദേഹത്തിന്റെ കടമയും കർത്തവ്യവുമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് അയാൾക്ക് ശിക്ഷ വിധിക്കുന്നത്. അയാളിൽ മാറ്റത്തിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ, എല്ലാ ഓരോരുത്തരും മറ്റുള്ളവരെ കള്ളനെന്നും കുറ്റവാളിയെന്നും പറയാൻ പാടില്ല. അങ്ങനെ പറഞ്ഞാൽ കുഴപ്പങ്ങളുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജനങ്ങളുടെ ദൗർബല്യം പ്രകടമാക്കിക്കൊണ്ട് അവയെ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ അത് അവരുടെ നന്മയ്ക്കുവേണ്ടിയും അവരുടെ തെറ്റായ വീക്ഷണങ്ങളിൽനിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനും വേണ്ടിയാണ് അങ്ങനെ ചെയ്തിട്ടുള്ളത്.

എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട കാര്യമാണെങ്കിൽ അദ്ദേഹം പറയുന്നു:

ഗാലിയാൻ സുൻ കർ
ദുആ ദേത്താ ഹൂം ഉൻ ലോഗോം കൊ
റഹം ഹെ ജോശ് മെ
ഔർ ഗയ്ള് ഘട്ടായാ ഹം നെ

(തെറികൾ കേട്ടുകൊണ്ട് നാം അവർക്കുവേണ്ടി ദുആ ചെയ്യുന്നു. കാരുണ്യമാണ് ആ ആവേശത്തിലുള്ളത്. കോപത്തെ നാം തണുപ്പിച്ചിരിക്കുന്നു)

ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റുള്ളവരുടെ ദ്രോഹങ്ങളെ സ്വബ്റോടുകൂടി സഹിക്കണമെന്നതാണ് നമുക്ക് നല്കിയ അധ്യാപനം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഉദാഹരണമെന്നോണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലെ ഒരു സംഭവം വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ലാഹോറിൽ വണ്ടിയിലിരുന്ന് പോകുകയായിരുന്നു. നാട്ടിലെ ദുർഭഗരായ ആളുകൾ അദ്ദേഹത്തിനു നേർക്ക് കല്ലെറിയാൻ തുടങ്ങി. അത് അദ്ദേഹത്തിന്റെ വാഹനത്തിനുമേൽ പതിക്കുന്നുണ്ടായിരുന്നു. കുതിരവണ്ടിയായിരുന്നുവെങ്കിലും അടച്ചുറപ്പുണ്ടായിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നെറ്റിയിൽ (നീരസത്തിന്റെ) ചുളിവുപോലും പ്രകടമായില്ല. ചില കല്ലുകൾ വണ്ടിയുടെ ജനാല തകർത്ത് അകത്തും വന്നിരുന്നു. ഏതായാലും അതിന്റെയൊക്കെ അദ്ദേഹത്തിന്റെ സ്വബ്റിന്റെ പരിണിതഫലമായി അവരിൽനിന്നുതന്നെ നൂറുക്കണക്കിനാളുകൾ അദ്ദേഹത്തിന്റെ അനുസരണവൃത്തത്തിൽ വന്നു. ഈ ധാർമികഗുണം ഇന്നും നമ്മൾ കാണിക്കേണ്ടതാണ്.

ഏതെങ്കിലും എതിരാളി സ്വാർഥലാഭവും മനസ്സിലെ പകയും വിദ്വേഷം നിമിത്തവും അതിരുകടക്കുകയാണെങ്കിൽ അല്ലാഹു നേരിട്ടുതന്നെ അയാളോടു പകരം ചോദിക്കുന്നതാണ്. പക്ഷേ, ഒരു നിബന്ധനയെന്തെന്നാൽ നമ്മൾ ക്ഷമയോടുകൂടി ദുആയോടുകൂടി വർത്തിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഒട്ടനവധിയാളുകൾ നബി(സ)തിരുമേനിയുടേയും സ്വഹാബാക്കളുടേയും സ്വബ്റും നിശ്ചയദാർഢ്യവും കണ്ടുകൊണ്ടാണ് ഇസ്‌ലാമിലേക്ക് വന്നത്. ഇക്കാലഘട്ടത്തിലും നമുക്ക് അതിനുള്ള ഉദാഹരണങ്ങൾ ലഭ്യമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും അദ്ദേഹത്തിന്റെ സ്വബ്ർ കണ്ടുകൊണ്ട് ജനങ്ങൾ ജമാഅത്തിൽ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'(ജുമുഅ ഖുത്വ്ബ 4–10–2019)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

താലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ചേർന്നിട്ടുണ്ട്.(ഖുത്ബാത്തെ മഹ്മൂദ് വാല്യം 9, പേജ് 130-140) ഇന്നും നമുക്കത് കാണാൻ സാധിക്കുന്നുണ്ട്. എനിക്കു വിവിധ രാജ്യങ്ങളിൽ നിന്ന് വരുന്ന കത്തുളിൽനിന്ന് ഇന്നും പല ആളുകളും ജമാഅത്തിന്റെ ഈ ചരിത്രം കണ്ടുകൊണ്ട് ജമാഅത്തിൽ ഭാഗഭാക്കാകുന്നതായി നമുക്ക് കാണാൻ കഴിയുന്നു.

സ്വബ്റിനെ സംബന്ധിച്ച് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സ്വബ്ർ വലിയ രത്നമാകുന്നു. ഒരാൾ സ്വബ്ർ ചെയ്യുകയും കോപാകുലനായി സംസാരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അയാളുടെ പ്രഭാഷണം സ്വന്തം നിലയിലേതായിരിക്കുകയില്ല. പ്രത്യുത അല്ലാഹുവാണ് അയാളെക്കൊണ്ട് പ്രഭാഷണം നടത്തിക്കുന്നത്. ജമാഅത്ത് സ്വബ്റോടുകൂടി വർത്തിക്കേണ്ടതാണ്. എതിരാളികളുടെ കാഠിന്യത്തിന് എതിർകാഠിന്യം പ്രവർത്തിക്കുകയും ശകാരങ്ങൾക്കുപകരം ശകാരമുതിർക്കുകയും ചെയ്യരുത്. നമ്മുടെ എതിരാളി മര്യാദയോടുകൂടി സംസാരിക്കാൻ ബാധ്യസ്ഥനല്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം ആദരവോടുകൂടി അയാൾ പറയണമെന്നില്ല. അദ്ദേഹം പറയുന്നു: "ഇതിന് നബി(സ) തിരുമേനിയുടെ ജീവിതത്തിൽ നിരവധി ഉദാഹരണങ്ങളുണ്ട്. സ്വബ്റിനെപ്പോലുള്ള മറ്റൊരു കാര്യവുമില്ല. എന്നാൽ, സ്വബ്ർ ചെയ്യുക എന്നത് വളരെ പ്രയാസകരമാകുന്നു. സ്വബ്റോടുകൂടി വർത്തിക്കുന്നവനെ അല്ലാഹു സഹായിക്കുന്നു."(മൽഫൂദാത്ത് വാല്യം 8, പേജ് 200, 984 പതിപ്പ്)

തുടർന്ന് ജമാഅത്തിന്റെ അവസ്ഥയെ പറ്റി വിവരിച്ചുകൊണ്ടും പുതുതായി വരുന്നവർക്കുണ്ടാകുന്ന പ്രയാസങ്ങളെ പരാമർശിച്ചുകൊണ്ടും സ്വബറിനെ പറ്റി ഉപദേശിച്ചുകൊണ്ടും ആ മഹാത്മാവ് പറയുന്നു:

നബി(സ)തിരുമേനിയുടെ കാലത്ത് മുസ്‌ലിമീങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ തന്നെയാണ് നമ്മുടെ ജമാഅത്തിനുമുള്ളത്. പുതിയതും ഏറ്റവുമാദ്യത്തേയും പ്രയാസമെന്തെന്നാൽ ആരെങ്കിലും ഈ ജമാഅത്തിൽ പ്രവേശിക്കുമ്പോൾ ഉടൻതന്നെ ബന്ധുമിത്രാദികൾ അകന്നു പോകുന്നു. എത്രത്തോളമെന്നാൽ ചിലപ്പോൾ മാതാപിതാക്കളും സഹോദരിസഹോദരന്മാരും ശത്രുക്കളായി മാറുന്നു. അസ്സലാമു അലയ്ക്കും എന്നുപോലും പറയുകയില്ല. ജനാസ നമസ്കരിക്കാനാഗ്രഹിക്കുകയില്ല. ഇത്തരത്തിലുള്ള നിരവധി പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടതായിവരും.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ചില ദുർബല പ്രകൃതമുള്ളവർ അത്തരം ഘട്ടങ്ങളിൽ പരിഭ്രമിച്ചുപോകുന്നുവെന്ന് എനിക്കറിയാം. എന്നാൽ, ഓർക്കുക! ഇത്തരം പ്രയാസങ്ങൾ വരേണ്ടതും അനിവാര്യമാകുന്നു. നിങ്ങൾ നബിമാരെക്കാളും റസൂൽമാരെക്കാളും മികച്ചവരൊന്നുമല്ല. അവർക്കുമേൽ അത്തരം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വന്നിരുന്നു. ഇതു വരുന്നത് അല്ലാഹുവിലുള്ള വിശ്വാസം ബലപ്പെടുത്തുന്നതിനുവേണ്ടിയാണ്. വിശ്വസത്തെ സുദൃഢീകരിക്കുന്നതിനുവേണ്ടിയാണ്. പരിശുദ്ധമായ മാറ്റങ്ങളുണ്ടാക്കുന്നതിനുമാണ് ഈ പ്രയാസങ്ങൾ വരുന്നത്. ദുആകളിൽ മുഴുകുക. നിങ്ങൾ പ്രവാചകന്മാരെ പിന്തുടരേണ്ടത് അനിവാര്യമാകുന്നു. സ്വബ്റിന്റെ മാനങ്ങൾ സ്വായത്തമാക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് ഒരു നഷ്ടവും വരുന്നതല്ല. സത്യം സ്വീകരിച്ച കാരണത്താൽ നിങ്ങളെ ഉപേക്ഷിക്കുന്ന സുഹൃത്ത് യഥാർഥ സുഹൃത്തല്ല. അല്ലാത്തപക്ഷം അയാൾ നിങ്ങളോടൊപ്പം നിൽക്കേണ്ടതായിരുന്നു. നിങ്ങൾ അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്തിൽ പ്രവേശിച്ചുവെന്ന കാരണത്താൽ നിങ്ങളെ ഉപേക്ഷിക്കുന്നവരുമായി നിങ്ങൾ വഴക്കും വക്കാണവുമുണ്ടാക്കരുത്. മറിച്ച് അവർക്കുവേണ്ടി ഗോപ്യമായി ദുആ ചെയ്യുക. നിങ്ങൾ അവരുമായി വഴക്കിടരുതെന്ന് മാത്രമല്ല അല്ലാഹു നിങ്ങൾക്ക് അവന്റെ അനുഗ്രഹം കൊണ്ടു നല്കിയ ഉൾക്കാഴ്ചയും ദിവ്യജ്ഞാനവും അവർക്കും ലഭ്യമാകുന്നതിനുവേണ്ടി ദുആ ചെയ്യുക." വഴക്കും വക്കാണവുമുണ്ടാക്കുന്നതിൽനിന്ന് തടയുക മാത്രമല്ല ദുആ ചെയ്യാൻവേണ്ടിയും പറയുന്നു. അവരും സത്യത്തെ തിരിച്ചറിയുന്നവരാകാൻ അവരോടു സഹാനുഭൂതി പ്രകടിപ്പിക്കാനാണ് പറയുന്നത്.

അദ്ദേഹം പറയുന്നു:"നിങ്ങൾ നിങ്ങളുടെ പരിശുദ്ധ മാതൃകയും ഉന്നതമായ ചുവടുകളുമായി നിങ്ങൾ നല്ല മാർഗമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിക്കാണിച്ചുകൊടുക്കുവിൻ. നോക്കുക! നിങ്ങൾ എല്ലാ കുഴപ്പങ്ങളുടേയും വഴിയിൽനിന്ന് രക്ഷപ്പെടണമെന്നും ശകാരങ്ങൾ കേൾക്കുമ്പോൾ ക്ഷമ കൈക്കൊള്ളണമെന്നും തിന്മക്ക് നന്മകൊണ്ടു മറുപടി നല്കണമെന്നും കുഴപ്പത്തിലേക്ക് പ്രേരിപ്പിക്കുന്ന സ്ഥലങ്ങളിൽനിന്ന് ഒഴിഞ്ഞുമാറണമെന്നും നിങ്ങൾക്ക് കൂടക്കൂടെ മാർഗനിർദേശങ്ങൾ നല്കുന്നതിനുവേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. സദസ്സുകളിൽനിന്ന് എഴുന്നേറ്റുപോകാനും സൗമ്യമായി മറുപടി നല്കാനുമാണ് വിശുദ്ധ ഖുർആനും കല്പിക്കുന്നത്. കൂടക്കൂടെ ഉണ്ടാകുന്നതെന്തെന്നാൽ ഒരാൾ തീക്ഷ്ണമായ എതിർപ്പ് പ്രകടിപ്പിക്കുന്നു. എതിർപ്പിൽ കുഴപ്പത്തിന്റെ മാർഗം സ്വീകരിക്കുന്നു. കുഴപ്പങ്ങൾക്ക് ഹേതുവാകുന്ന രീതിയിൽ എതിർപ്പ് കാണിക്കുന്നു. അതു കേൾക്കുന്നവരിൽ കോപമുണ്ടാക്കാനുള്ള പ്രേരണ ഉണ്ടാക്കുന്നു. എന്നാൽ, അതിനെതിരിൽ സൗമ്യമായി മറുപടി കിട്ടുമ്പോൾ, ശകാരത്തെ എതിർക്കാതിരിക്കുമ്പോൾ അയാൾ സ്വയം ലജ്ജിതനാകുന്നു. ഇക്കാലഘട്ടത്തിൽ നിരവധിയാളുകൾ ലജ്ജാവിഹീനരായിട്ടുണ്ട് എന്നതു ശരിതന്നെ. മാത്രമല്ല തിരിച്ച് അക്രമിയാകുകയും ചെയ്യുന്നു. എന്നാൽ, ലജ്ജയുള്ള അനവധിയാളുകളുണ്ട്. അവർ തങ്ങളുടെ ചെയ്തികളിൽ ലജ്ജിക്കുകയും ഖേദിക്കുന്നവരായി മാറുകയും ചെയ്യുന്നു.

കഴിഞ്ഞ ഖുത്ബയിൽ ബംഗ്ലാദേശിലെ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഈ ഉദാഹരണം ഞാൻ നല്കിയിരുന്നു. കലാപകാരികളിൽ ഒരു കുട്ടിയോടു നമ്മുടെ ഒരു കുട്ടി ചോദിച്ചു, നിങ്ങൾ ഇതൊക്കെ ആരുടെ പേരിലാണ് ചെയ്യുന്നതെന്നറിയുമോ? അപ്പോൾ അവന് കാര്യം മനസ്സിലാകുകയും അവൻ കല്ല് പിന്നിലേക്കെറിയുകയും ചെയ്തു. അദ്ദേഹം പറയുന്നു: "ഞാൻ നിങ്ങളോടു സത്യമായും സത്യമായും പറയുന്നു, സ്വബ്റിനെ കൈവിടരുത്. ആയുധക്കോപ്പുകൾ കൊണ്ട് സാധ്യമാകാത്ത കാര്യങ്ങൾ സ്വബ്ർ എന്ന ആയുധംകൊണ്ട് നേടിയെടുക്കാവുന്ന താണ്. സ്വബ്ർതന്നെയാണ് ഹൃദയങ്ങളെ കീഴടക്കുന്നത്. തീർച്ചയായും അറിയുക ഈ ജമാഅത്തിൽ ഭാഗഭാക്കായ ഒരു വ്യക്തി ആരോടെങ്കിലും വഴക്കിട്ടുവെന്നറിയുമ്പോൾ എനിക്ക് വളരെയേറെ ദുഃഖമുണ്ടാകുന്നു. ഈ മാർഗത്തെ ഞാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ലോകത്തിന് മാതൃകയാകേണ്ടുന്ന ജമാഅത്ത് ഇത്തരം തഖ്‌വയില്ലാത്ത മാർഗം സ്വീകരിക്കുന്നത് അല്ലാഹുവും ഇഷ്ടപ്പെടുന്നില്ല. പ്രത്യുത ഞാൻ നിങ്ങളോടു ഒരു കാര്യം പറയട്ടെ, ആരെങ്കിലും ഈ ജമാഅത്തിൽ ഉൾപ്പെട്ട ശേഷം സ്വബ്റോടുകൂടി പ്രവർത്തിക്കുന്നില്ലെങ്കിൽ അയാൾ ഈ ജമാഅത്തിൽ പ്രവേശിച്ചിട്ടില്ലെന്ന സംഗതിയെ അല്ലാഹുവും പിന്തുണയ്ക്കുന്നു. വലിയൊരു മുന്നറിയിപ്പാണിത്. ഇതു നമ്മൾ എപ്പോഴും ഓർമവെക്കേണ്ടതാണ്."അവിടന്ന് പറയുന്നു:"എന്നെ ശകാരിക്കുന്നതുകൊണ്ടായിരിക്കും വലിയ കോപമുണ്ടാകുന്നത്. അതുകൊണ്ടാണല്ലോ നിങ്ങൾക്ക് ദ്വേഷം വരുന്നത്?" ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്നെ ചീത്തപറയുമ്പോൾ നിങ്ങളുടെ കോപം ജ്വലിക്കുന്നു." പറയുന്നു: "ഇക്കാര്യം അല്ലാഹുവിന് വിട്ടുകൊടുക്കുക. നിങ്ങൾക്കതിന് തീരുമാനമുണ്ടാക്കാൻ കഴിയുകയില്ല. എന്റെ വിഷയം അല്ലാഹുവിന് വിടുക. നിങ്ങൾ അവരുടെ ശകാരം കേൾക്കമ്പോൾ സ്വബ്റും സഹനവും കൈക്കൊള്ളുക. ഞാൻ അവരിൽനിന്ന് എത്രമാത്രം ശകാരം കേൾക്കുന്നുവെന്ന് നിങ്ങൾക്കെന്തറിയാം? അധികവും മ്ലേച്ഛമായ ശകാരങ്ങൾ നിറഞ്ഞ കത്തുകൾ വരുന്നു. തുറന്ന കാർഡുകളിൽ ചീത്തകൾ എഴുതി വിടുന്നു. കൂലിക്കത്ത് വരുന്നു. അതിന് പണവും കൊടുക്കേണ്ടിവരുന്നു. അതായത് സ്റ്റാമ്പൊട്ടിക്കാത്ത കത്തുകൾ! പ്രസ്തുത കത്തുകൾ കൈപറ്റുമ്പോൾ സ്റ്റാമ്പിന്റെ പണവും ഒടുക്കേണ്ടിവരുന്നു. പിന്നീട് അതു പൊട്ടിച്ചു വായിക്കുമ്പോൾ അതിൽ തെറി അഭിഷേകമായിരിക്കും. പച്ചത്തെറികളായിരിക്കുമുണ്ടാകുക. ഒരു പ്രവാചകനേയും ഇത്രമാത്രം തെറി പറഞ്ഞിട്ടുണ്ടാകുകയില്ലെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു. അബൂജഹ്‌ലിനും ഇത്തരം തെറി പറയാനുള്ള ത്രാണിയുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ഇവർ പറയുന്ന തെറികൾപോലെ അബൂജഹ്‌ൽപോലും പറഞ്ഞിട്ടുണ്ടാകുകയില്ല. പക്ഷേ, ഇതൊക്കെ കേൾക്കേണ്ടതായി വരുന്നു. ഞാൻ സ്വബ്ർ ചെയ്യുന്നുവെന്നിരിക്കെ നിങ്ങളും സ്വബ്ർ ചെയ്യുവിൻ. ശാഖകൾക്ക് തായ്ത്തടിയെക്കാൾ പ്രസക്തിയൊന്നുമില്ല.

തന്റെ വ്യക്തിപരമായ കാര്യത്തിൽ അദ്ദേഹം സ്വബ്റിന്റെ പാരമ്യത്തിലായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നതുപോലെ വ്യക്തിപരമായ കാര്യത്തിൽ പരമമായ സ്വബ്റായിരുന്നു. ഇന് എവിടെയെങ്കിലും പരുഷമായി പറഞ്ഞിട്ടുണ്ടെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പരുഷമായി പറഞ്ഞുവെന്ന് ചിലർ പറയാറുണ്ട്, അത് അവരുടെ നന്മയ്ക്കുവേണ്ടിയാണ് പറഞ്ഞത്. ഈ അവകാശം അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന് ലഭിച്ചതാണ്. എല്ലാവർക്കും അതിനുള്ള അവകാശമില്ല. അവകാശമില്ലാതെ നിങ്ങൾ അത്തരം കാര്യങ്ങൾ പറഞ്ഞാൽ അതുകൊണ്ട് നന്മയ്ക്കുപകരം കുഴപ്പങ്ങൾ പരക്കാനും വർധിക്കാനുമാണ് കൂടുതൽ സാധ്യത.

വീണ്ടും ആ മഹാത്മാവ് പറയുന്നു: "നോക്കുക! ഇവർ എത്രകാലമാണ് ശകാരിച്ചുകൊണ്ടിരിക്കുക? അവസാനം അവർതന്നെ ക്ഷീണിക്കുന്നതാണ്. അവരുടെ ചീത്തവിളികളും പദ്ധതികളും ഒരിക്കലും എന്നെ തളർത്തുകയില്ല."

അതുകൊണ്ട് നമ്മളും ക്ഷീണിക്കാൻ പാടില്ല. ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ലായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ ഇക്കാരണങ്ങൾ കേൾക്കുമ്പോൾ പരിഭ്രമിക്കുമായിരുന്നു. എന്നാൽ, എന്നെ അല്ലാഹുവാണ് നിയോഗിച്ചതെന്ന് ഞാനുറപ്പായും അറിയുന്നു. എന്നിരിക്കെ ഞാനെന്തിന് ഈ നിസ്സാരകാര്യങ്ങളെ പരിഗണിക്കണം? അതൊരിക്കലും സാധ്യമല്ല. ഈ ശകാരങ്ങൾ അവർക്കാണോ എനിക്കാണോ ആർക്കാണ് നഷ്ടമുണ്ടാക്കിയതെന്ന് നിങ്ങൾത്തന്നെ ചിന്തിച്ചു നോക്കുവിൻ! അവരുടെ ജമാഅത്ത് ശോഷിക്കുകയും എന്റെ ജമാഅത്ത് വികസിക്കുകയും ചെയ്യുന്നു.

ജമാഅത്ത് വർധിക്കുന്നുവെങ്കിൽ അത് ഇവരിൽനിന്നുതന്നെയുള്ള ആളുകൾ ഇവിടെ വന്നിട്ടാണ് വർധിക്കുന്നത്. ശകാരങ്ങൾക്ക് തടയിടാൻ കഴിയുമായിരുന്നെങ്കിൽ ലക്ഷത്തിൽ അധികമായി ജമാഅത്ത് എങ്ങനെയാണുണ്ടായത്!

ഇക്കാര്യം ആ മഹാത്മാവ് പറയുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്ന ജമാഅത്തംഗങ്ങളുടെ എണ്ണമാണ് ഇപ്പറഞ്ഞത്. അത് രണ്ടു ലക്ഷമായിരുന്നു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തുള്ള സകലമാന രാഷ്ട്രങ്ങളിലും ആ മഹാത്മാവിന്റെ സന്ദേശമെത്തിയിരിക്കുന്നു. ജമാഅത്തുകൾ സ്ഥാപിതമായിരിക്കുന്നു. എന്തെങ്കിലും പ്രതികരണവും ശക്തിയുംകൊണ്ടാണോ ഇതുണ്ടായത്. അല്ല. പ്രത്യുത ഇതു ത്യാഗങ്ങളുടേയും സബ്റിന്റേയും ദുആകളുടേയും പരിണിതിയായിരുന്നു. ചുരുക്കത്തിൽ ഈ വലിയ ലക്ഷ്യം കരസ്ഥമാക്കുന്നതിന് നമ്മൾ സബ്ർ പ്രകടിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്.

തുടർന്ന് അദ്ദേഹം പറയുന്നു: ഇവരെല്ലാം അവരിൽനിന്ന് വന്നവർ തന്നെയല്ലേ? വേറെ എവിടെ നിന്നെങ്കിലും വന്നവരാണോ? അവർ എനിക്കെതിരെ കുഫ്ർ ഫത്‌വ ഇറക്കി. എന്നാൽ, ആ കുഫ്ർ ഫത് വയ്ക്ക് എന്ത് പ്രഭാവമാണുണ്ടായത്? ജമാഅത്ത് അഭിവൃദ്ധിപ്പെട്ടു. ഈ ജമാഅത്ത് തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ തീർച്ചയായും ആ ഫത്‌വയുടെ പ്രഭാവം കാണിക്കുമായിരുന്നു. എന്റെ മാർഗത്തിൽ പ്രസ്തുത കുഫ്ർ ഫത്‌വ വലിയ തടസം സൃഷ്ടിക്കുമായിരുന്നു. എന്നാൽ, അല്ലാഹുവിൽനിന്നുള്ള കാര്യത്തെ ഇല്ലാതാക്കാൻ മനുഷ്യനു കഴിവില്ല. എനിക്കെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. അത് തിരിച്ചറിയുന്നവർക്ക് ഖേദമുണ്ടാകുന്നു. ഞാൻ തുറന്നു പറയട്ടെ, എന്നെ എതിർക്കുന്നവർ വാസ്തവത്തിൽ ശക്തമായി ഒഴുകിവരുന്ന ആ മഹത്തായ ആ നദിക്കുമുന്നിൽ തങ്ങളുടെ കൈകൾ വച്ചുകൊണ്ട് അതിനെ തടയാൻ ശ്രമിക്കുകയാണ്. വെള്ളത്തിന്റെ ശക്തമായ ഒഴുക്കു വരുന്നു. അവർ അതിനുമുന്നിൽ കൈവച്ചുകൊണ്ട് അതിനെ തടാമെന്ന് കരുതുന്നു. എന്നാൽ, അതുകൊണ്ട് ആ ഒഴുക്ക് നിലയ്ക്കുകയില്ലെന്നതാണ് വാസ്തവം. അവർ ചീത്ത പറഞ്ഞുകൊണ്ട് തടയാൻ ശ്രമിക്കുന്നു. എന്നാൽ, ഓർക്കുക ഇതു നിലയ്ക്കുന്നതല്ല. ചീത്തപ്പറയുന്നത് സൽപ്രകൃതക്കാരായ ആളുകളുടെ ജോലിയാണോ? എനിക്കു മുസ്‌ലിമീങ്ങളെ ഓർത്ത് വളരെ ഖേദമുണ്ട്. അവരെന്തിനാണ് ഇത്ര നാണംകെട്ട് വാ തുറക്കുന്നത്?

പാക്കിസ്താനിൽ ഇവരുടെ ജാഥകളിൽ നികൃഷ്ടമായ തെറികളാണ് വിളിക്കുന്നത്. അവിടന്ന് പറയുന്നു: "ഞാൻ അല്ലാഹുവിനെ ശപഥം ചെയ്തുകൊണ്ട് പറയട്ടെ. ഞാൻ മുസ്‌ലിമീങ്ങൾ എന്ന് പറയപ്പെടുന്നവരിൽനിന്ന് കേട്ട രീതിയിലുള്ള തെറികൾ സംസ്കാരമില്ലാത്ത ആളുകളിൽനിന്നുപോലും കേട്ടിട്ടില്ല. ഈ ചീത്തവിളിയിലൂടെ ഇവർ തങ്ങളുടെ അവസ്ഥ പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. തെറിവിളികളിലൂടെ അവർ തങ്ങളുടെ ബുദ്ധിയും കർമവും എങ്ങനെയുള്ളതാണെന്നും തങ്ങൾ ധിക്കാരികളും തെമ്മാടികളുമാണെന്നും പ്രഖ്യാപിക്കുകയാണ്. അല്ലാഹു അവരുടെ കണ്ണുകൾ തുറക്കുകയും അവർക്കുമേൽ കരുണ കാണിക്കുകയും ചെയ്യുമാറാകട്ടെ. അദ്ദേഹം പറയുന്നു: ഇങ്ങനെ തെറി വിളിക്കുന്നവർ ഒരു കോടിയുണ്ടെങ്കിലും അവർക്ക് അല്ലാഹുവിന് ഒരു നഷ്ടവും വരുത്താൻ കഴിയുകയില്ല. ഒരു പൈസയുടെ കാർഡിന്റെ നഷ്ടമല്ലേയുള്ളുവെന്ന് അവർ കരുതുന്നു. പക്ഷേ ഈ പൈസയുടെ നഷ്ടത്തോടൊപ്പം തങ്ങളുടെ കർമപുസ്തകവും കരുവാളിച്ചുപോകുന്നുവെന്ന് ഇവർ അറിയുന്നില്ല. കാർഡിൽ തെറി എഴുതുന്നതോടൊപ്പം തങ്ങളുടെ കർമങ്ങളെ അവർ കരുവാളിപ്പിക്കുന്നു. എന്നിരിക്കെ ഇവർ എന്തിനാണ് തെറിപറയുന്നതെന്ന് നമുക്ക് മനസ്സിലാകുന്നില്ല. വിശുദ്ധ ഖുർആനിനെ ഉപേക്ഷിക്കരുതെന്നും നബി(സ)തിരുമേനിയെ കളവാക്കരുതെന്നും ഞാൻ പറയുന്നതുകൊണ്ടാണോ? കഷ്ടമെന്നു പറയട്ടെ, വിശുദ്ധ ഖുർആനിൽ ഹദ്റത്ത് ഈസാ(അ) മരിച്ചുപോയെന്നും ഇനി ഭൂമിയിൽ വരികയില്ലെന്നും പറയുന്നു. വരികയെന്നത് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന് ഇവർ അംഗീകരിക്കാൻ തയ്യാറല്ല. ഞാൻ വന്നില്ലായിരുന്നെങ്കിൽ, ഈ പ്രസ്ഥാനം സ്ഥാപിക്കപ്പെട്ടില്ലായിരുന്നെങ്കിൽ ഇവർക്ക് ആഗ്രഹമുള്ളതെല്ലാം പറയാമായിരുന്നു. അങ്ങനെയായാൽ അവരെ ഉണർത്തുന്നവനും ബോധവൽക്കരിക്കുന്നവനും അവർക്കിടിലുണ്ടാകുമായിരുന്നില്ല. എന്നാൽ, അല്ലാഹു എന്നെ നിയോഗിച്ചയച്ചിരിക്കുന്നു. ഞാൻ നബി(സ)തിരുമേനി പ്രഖ്യാപിച്ച 'ഹക്കം' അഥവാ നീതിമാനായ വിധികർത്താവാകുന്നു. അതുകൊണ്ടുതന്നെ തീരുമാനത്തിൽ നീരസം പ്രകടിപ്പിക്കാൻ അവർക്ക് അവകാശമില്ല. എന്റെ കാര്യങ്ങൾ കേൾക്കുകയും ശ്രദ്ധിക്കുകയും എന്നെ നിരാരിക്കാൻ ധിറുതി കാണിക്കാതിരിക്കുകും ചെയ്യുന്നതായിരുന്നു തഖ്‌വാ. ഞാൻ സത്യമായും സത്യമായും പറയുന്നു: ഞാൻ വന്നിരിക്കെ ഇനി വാ തുറക്കാൻ ഇവർക്ക് അവകാശമില്ല. ഞാൻ അല്ലാഹുവിൽനിന്ന് നീതിമാനായ വിധികർത്താവായി വന്നിരിക്കുന്നു.

നബി(സ)തിരുമേനി അല്ലാഹുവിന്റെ കൽപന പ്രകാരം സ്ഥാപിച്ച സബ്റിന്റെ നിലവാരത്തിന് തത്തുല്യമായതില്ല. ഇതു സംബന്ധമായി പറയുന്നു: ഹദ്റത്ത് മൂസാ(അ)നെ അദ്ദേഹത്തിന്റെ സമുദായമായ ബനീ ഇസ്‌റാഈൽ ഉടൻതന്നെ വിശ്വസിച്ചു. അതുകൊണ്ട് സമുദായത്തിന്റെ ഭാഗത്തുനിന്ന് ദുഃഖമോ പ്രയാസമോ തടസമോ അഭിമുഖീകരിക്കേണ്ടി വന്നില്ല. ഹദ്റത്ത് മൂസാ(അ)യ്ക്ക് തന്റെ സമുദായത്തിൽനിന്ന് ഒരു ദുഃഖവും സഹിക്കേണ്ടിവന്നില്ല. പ്രയാസങ്ങളുണ്ടായത് ഫിർഔനിന്റെ ഭാഗത്തുനിന്നാണ്. എന്നാൽ, ഇതിനു വിപരീതമായി നബി(സ) തിരുമേനിക്ക് തന്റെ സമുദായത്തിൽനിന്ന് പ്രയാസങ്ങളുടേയും എതിർപ്പിന്റേയും അവസ്ഥ ഉണ്ടായി. പിന്നെ അത്തരം ഒരു അവസ്ഥയിൽ നബി(സ)തിരുമേനിക്കുണ്ടായ ഉന്നതതലത്തിലുള്ള വിജയങ്ങളും നബി(സ)തിരുമേനിയുടെ പരിപൂർണതയുടേയും ശ്രേഷ്ഠതുടേയും ഏറ്റവും വലിയ തെളിവാകുന്നു. നബി(സ)തിരുമേനി അല്ലാഹുവിന്റെ കൽപനയും ഇംഗിതവുമനുസരിച്ച് തബ്‌ലീഗ് ആരംഭിച്ചപ്പോൾ ഏറ്റവുമാദ്യം സ്വന്തം സമുദായം എതിർക്കുന്ന അവസ്ഥ അഭിമുഖീകരിക്കേണ്ടിവന്നു.

അവിടന്ന് എഴുതുന്നു: നബി(സ)തിരുമേനി ഖുറയ്ശികൾക്ക് ആദ്യമൊരു വിരുന്ന് നല്കി. എല്ലാവരേയും വിളിച്ചുകൊണ്ടു പറഞ്ഞു: ഞാൻ നിങ്ങളോടു ഒരു കാര്യം ചോദിക്കുകയാണ്. നിങ്ങൾ മറുപടി നല്കുവിൻ. ഈ മലയുടെ പിന്നിൽ ഒരു വൻസൈന്യമുണ്ടെന്നും അവർ നിങ്ങളെ നശിപ്പിക്കാൻ തക്കം പാർത്തിരിക്കുകയാണെന്നും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? അവർ ഒന്നടങ്കം പറഞ്ഞു: തീർച്ചയായും ഞങ്ങളത് വിശ്വസിക്കുന്നതാണ്. കാരണം നീ എപ്പോഴും സത്യസന്ധനും വിശ്വസ്തനുമാകുന്നു. അവർ ഇതു സമ്മതിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നോക്കൂ! ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, 'ഞാൻ അല്ലാഹുവിൽനിന്നുള്ള ദൂതനാകുന്നു. നിങ്ങൾക്കു വരാനുള്ള വിപത്തിനെ കുറിച്ച് ഞാൻ മുന്നറിയിപ്പു നല്കുകയാണ്.' ഇത്രയും പറഞ്ഞപ്പോൾത്തന്നെ എല്ലാവരും കോപാകുലരായി. ഒരു ദ്രോഹി പറഞ്ഞു: 'തബ്ബല്ലക്ക സാഇമൽ യൗം' അതായത് നഊദുബില്ലാഹ് നിനക്കു നാശമുണ്ടാകട്ടെ

അവിടന്ന് പറയുന്നു: "കഷ്ടമെന്നു പറയട്ടെ. അവരുടെ നന്മയ്ക്കും ക്ഷേമത്തിനുംവേണ്ടി പറഞ്ഞ കാര്യങ്ങളെ വീണ്ടുവിചാരമില്ലാതെ സമൂഹം മോശമാണെന്നു കരുതി എതിർക്കാനാണ് തുനിഞ്ഞത്.

ഇതിനു വിരുദ്ധമായി മൂസായുടെ സമുദായത്തെ നോക്കുക. ബനീ ഇസ്‌റാഈൽ വളരെ കഠിനഹൃദയരായിരുന്നുവെങ്കിലും അവർ മൂസായുടെ തബ്‌ലീഗ് ഉടൻതന്നെ സ്വീകരിച്ചു. മൂസായെക്കാളും ശ്രേഷ്ഠനായ പ്രവാചകനെ അംഗീകരിച്ചതുമില്ല.' അദ്ദേഹം ഒരു ഉദാഹരണം പറയുകയാണ്. മൂസാ നബിയുടെ ജനത മൂസാനബിയെ വിശ്വസിച്ചു. എന്നാൽ അദ്ദേഹത്തെക്കാളും ശ്രേഷ്ഠനായ പ്രവാചകനെ വിശ്വസിച്ചില്ല. പ്രത്യുത എതിർക്കാൻ തയ്യാറായി. നബി(സ)തിരുമേനിക്കെതിരിൽ പ്രയാസങ്ങളുടെ പരമ്പരതന്നെ ആരംഭിച്ചു. എല്ലാ ദിവസവും ആ ദിവ്യാത്മാവിനെ വധിക്കാനുള്ള പദ്ധതികളിട്ടു. ഈ കാലഘട്ടം എത്രത്തോളം നീണ്ടു നിന്നുവെന്നാൽ 13 വർഷംവരെ അത് തുടർന്നുപോന്നു.13 വർഷം എന്നു പറയുന്നത് കുറച്ചൊന്നുമല്ല. ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനി അനുഭവിച്ച പ്രയാസങ്ങൾ വിവരിക്കുക എളുപ്പമല്ല. ആ ജനത ബുദ്ധിമുട്ടിക്കുന്നതിലും പ്രയാസപ്പെടുത്തുന്നതിലും ഒരു കുറവും വരുത്തിയില്ല. മറുഭാഗത്ത് അല്ലാഹുവിന്റെ പക്കൽനിന്ന് ക്ഷമിക്കാനും സ്ഥൈര്യത്തിനുമുള്ള നിർദേശമാണ് നൽകപ്പെട്ടിരുന്നത്. ഒരു ഭാഗത്ത് പ്രയാസങ്ങളുണ്ടാകുമ്പോൾ ക്ഷമകൈക്കൊള്ളാനും സ്ഥിചിത്തനായി നിൽക്കാനും അല്ലാഹു പറയുന്നു. ഇതാണ് സബ്റിന്റെ യഥാർഥ വിവക്ഷിതം. മുൻകാല പ്രവാചകന്മാരെപ്പോലെ നീയും സബ്ർ കൈക്കൊള്ളുക എന്ന് കൂടക്കൂടെ കൽപന നല്കപ്പെട്ടു. നബി(സ)തിരുമേനി വ

## ത്വാലിബെ ദുആ

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'(ജുമുഅ ഖുത്ബ 4 – 10 – 2019)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ളരെ ഉന്നതമായ നിലയിൽ സബ്റോടുകൂടി ഈ പ്രയാസങ്ങളെല്ലാം സഹിക്കുകയുണ്ടായി. തബ്ലീഗിൽ മടി കാണിച്ചതുമില്ല. പ്രത്യുത ചുവടു മുന്നോട്ടുതന്നെ വെച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ നബി(സ)തിരുമേനിയുടെ സബ്ർ മുൻകാല പ്രവാചകന്മാരുടേതുപോലെയായിരുന്നില്ല. കാരണം അവരെല്ലാം ഒരു നിശ്ചിത സമുദായത്തിനുവേണ്ടി നിയോഗിക്കപ്പെട്ടവരായിരുന്നു. അതുകൊണ്ട് അവർക്കുണ്ടായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അതേ രീതിയിൽ പരിമിതവുമായിരുന്നു. എന്നാൽ, ഇതിന്നെതിരിൽ നബി(സ)തിരുമേനിയുടെ സബ്ർ വളരെ വലുതായിരുന്നു. കാരണം ഏറ്റവുമാദ്യം നബി(സ) തിരുമേനിയുടെ ജനതതന്നെ ആ മഹാത്മാവിന് എതിരായിരുന്നു. അവർ എപ്പോഴും ബുദ്ധിമുട്ടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പിന്നീട് ക്രിസ്ത്യാനികളും ആ മഹാത്മാവിന്റെ ശത്രുക്കളായി. ഹദ്റത്ത് ഈസാ(അ)ഒരു ദൈവദാസനും പ്രവാചകനും മാത്രമാണെന്ന് പറഞ്ഞപ്പോൾ അവർക്കത് തീ പിടിച്ചതുപോലെയായി. കാരണം അവർ അദ്ദേഹത്തെ ദൈവമാക്കി വെച്ചിരിക്കുകയായിരുന്നു. നബി(സ)തിരുമേനി വന്ന് യാഥാർഥ്യം വെളിപ്പെടുത്തി. ആരെയെങ്കിലും ദൈവമാക്കി അയാളെ ആരാധിച്ചുതുടങ്ങിയാൽ പിന്നീട് അതുപേക്ഷിക്കുക എന്നത് മനുഷ്യന് എളുപ്പമുള്ള കാര്യമല്ല. പ്രത്യുത അതിനെ ഉപേക്ഷിക്കുന്നത് ഏറെ പ്രയാസകരമായിരിക്കും. ക്രിസ്ത്യാനികളുടെ വിശ്വാസം രൂഢമൂലമായിട്ടുണ്ടായിരുന്നു. അതുകൊണ്ട് അവർ നബി(സ) തിരുമേനി അവരുടെ കൃത്രിമദൈവത്തെ മനുഷ്യനാക്കിയതു കേട്ടപ്പോൾ അവർ ആ മഹാത്മാവിന്റെ ബദ്ധവൈരികളായി മാറി. ഒരു ഭാഗത്ത് സ്വന്തം ജനത ശത്രുക്കളായി. മറുഭാഗത്ത് നിഷേധികളും വിഗ്രഹാരാധകരും ശത്രുക്കളായി. പിന്നെ ക്രിസ്ത്യാനികളും ശത്രുക്കളായിമാറി. അതേപോലെ യഹൂദികളിലും നിരവധി ശിർക്കൻ ആചാരങ്ങൾ ആരംഭിച്ചിരുന്നു. തുടർന്ന് യഹൂദികളെപ്പറ്റി പരാമർശിക്കുന്നു. അവരിൽ അന്യാരാധന കടന്നുകൂടിയിരുന്നു. അവർ ഹദ്റത്ത് ഈസാ(അ)നെ അംഗീകരിക്കാൻ തയ്യാറായില്ല. അങ്ങനെ യഹൂദികൾക്ക് മുന്നറിയിപ്പു നല്കിയപ്പോൾ അവരും ശത്രുക്കളായി മുമ്പിൽവന്നു. ഇപ്പോൾ യഹൂദികളും ക്രിസ്ത്യാനികളും അന്യാരാധകരും മറ്റുമതക്കാരുമെല്ലാം എതിരാളികളായിത്തീർന്നു. കാരണം യഹൂദികൾ നഊദുബില്ലാഹ് ഈസാനബിയെ കറ്റുകെട്ടുകാരനും കള്ളവാദിയുമാണെന്ന് പറഞ്ഞിരുന്നു. അതിന്നെതിരിൽ നബി(സ)തിരുമേനി അവരോടു പറഞ്ഞു, നിങ്ങൾ അദ്ദേഹത്തെ വ്യാജനെന്ന് പറയുമ്പോൾ നിങ്ങൾതന്നെ വ്യാജന്മാരായിത്തീരുകയാണ് ചെയ്യുന്നത്. അദ്ദേഹം അല്ലാഹുവിന്റെ ഒരു വരിഷ്ഠപ്രവാചകനായിരുന്നു. ഇതിനുപുറമെ അവരുടെ ശത്രുതയ്ക്കുള്ള ഒരു കാരണം അവർ തങ്ങളുടെ അജ്ഞതയും ധാരണക്കുറവുംകൊണ്ട് ഖാത്തമുന്നബിയ്യീൻ ബനീ ഇസ്റാഈലിൽനിന്ന് വരുമെന്ന് പ്രതീക്ഷിച്ചിരുന്നു. തൗറാത്തിൽ ദൈവികചര്യപറ്റി പ്രതിപാദനമുണ്ട്. അവസാന പ്രവാചകനെ സംബന്ധിച്ചുള്ള പ്രവചനത്തിലെ വാക്കുകളിൽ അവർക്ക് സംശയമുണ്ടായി. അവിടെ നിന്റെ സഹോദരന്മാരിൽനിന്ന് എന്നെഴുതിയിട്ടുണ്ട്. അതിന്റെ അർഥം ബനീഇസ്റാഈൽത്തന്നെയാണെന്ന് അവർ ധരിച്ചുപോയി. വാസ്തവത്തിൽ അതിന്റെ വിവക്ഷിതം ബനീഇസ്മായീലായിരുന്നു. ചുരുക്കത്തിൽ അവർ നബി(സ)തിരുമേനി താൻ ഖാത്തമുന്നബിയ്യീനാണെന്ന് വാദിക്കുന്നതു കേട്ടപ്പോൾ അവരുടെ പ്രതീക്ഷകളെല്ലാം അസ്ഥാനത്തായി. അവർ തൗറാത്തിന്റെ പ്രവചനത്തെ കുറിച്ച് മനസ്സിലാക്കിയത് തെറ്റാണെന്ന് പറയപ്പെട്ടു. അതുകൊണ്ട് അവർക്കും അത് തീപിടിച്ചതുപോലെയായി. എതിർക്കാൻ രംഗത്ത് വരികയും ചെയ്തു.

ഒരു അഹ്മദി ഏതോ ഗ്രാമത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിലെത്തി. തന്റെ ഗ്രാമത്തിലുണ്ടാകുന്ന മൗലവിമാരുടെ എതിർപ്പിനെ പറ്റി പറഞ്ഞുകൊണ്ട് ദുആ ചെയ്യാൻ അപേക്ഷിച്ചു. എന്നിട്ട് അയാൾ പറഞ്ഞു, എന്റെ ഗ്രാമത്തിൽ മദ്രസയിൽ ജോലി ചെയ്യുന്ന മൗലവി നമ്മുടെ കഠിനവിരോധിയാണ്. അയാളിൽനിന്ന് എനിക്ക് ഒരുപാട് പ്രയാസങ്ങളുണ്ടാകുന്നുണ്ട്. അയാൾ അവിടെനിന്ന് സ്ഥലം മാറിപ്പോകാൻ ഹുദൂർ ദുആ ചെയ്യാലും. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് അയാളും ഉപദേശിച്ചു പറഞ്ഞു: 'ഈ ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ അതിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുക. നിങ്ങൾക്ക് പ്രയാസങ്ങളുണ്ടായില്ലെങ്കിൽ എങ്ങനെയാണ് പുണ്യം ലഭിക്കുക? നബി(സ) തിരുമേനി മക്കയിൽ 13 വർഷം പ്രയാസങ്ങൾ സഹിച്ചു. നിങ്ങൾക്ക് ഇക്കാലഘട്ടത്തിലെ പ്രയാസങ്ങളെപറ്റി അറിയില്ല. അത് നിങ്ങളിൽ എത്തിയിട്ടുമില്ല. നബി(സ)തിരുമേനി സ്വഹാബത്തിന് സബ്റിനെ പറ്റി പറഞ്ഞുകൊടുത്തു. അവസാനം എല്ലാ ശത്രുക്കളും നശിച്ചൊടുങ്ങി. വളരെ സമീപഭാവിയിൽത്തന്നെ ഈ ദ്രോഹികളാരേയും നിങ്ങൾക്ക് കാണാൻതന്നെ കഴിയുകയില്ല. അല്ലാഹു ഈ പരിശുദ്ധ ജമാഅത്തിനെ ലോകത്ത് പരത്തണമെന്ന് ആഗ്രഹിക്കുന്നു. ഇപ്പോൾ ഇവർ നിങ്ങൾ കുറച്ചുപേരാണെന്ന് കരുതി ദ്രോഹിക്കുകയാണ്. എന്നാൽ, ഈ ജമാഅത്ത് ഭൂരിപക്ഷമായാൽ ഇവരെല്ലാം മിണ്ടാട്ടമില്ലാത്തവരാകും. അല്ലാഹു ഇച്ഛിച്ചിരുന്നുവെങ്കിൽ ഇവർ വിഷമിപ്പിക്കുകയോ ഈ ദുഖം നല്കുന്നവർ ജനിക്കുകയോ ചെയ്യില്ലായിരുന്നു. പക്ഷേ അല്ലാഹു ഇവർ മുഖേന സബ്റിന്റെ പാഠം നല്കാൻ ആഗ്രഹിക്കുന്നു. കുറച്ചുകാലം സബ്ർ ചെയ്താൽ വിഷമിപ്പിക്കുന്നവൻ തൗബ ചെയ്യുകയോ നശിച്ചൊടുങ്ങുകയോ ചെയ്യുന്നത് നിങ്ങൾ കാണുന്നതാണ്.

തങ്ങൾ തെറിപറഞ്ഞിരുന്നത് പുണ്യമായി കരുതിയിരുന്നുവെന്നും എന്നാൽ, ഇപ്പോൾ പശ്ചാത്തപിച്ച് ബയ്അത്ത് ചെയ്തുവെന്നും പറഞ്ഞ് പല കത്തുകളും വരുന്നുണ്ട്.

സബ്റും ഒരു ഇബാദത്താകുന്നു. അല്ലാഹു പറയുന്നു: സബ്ർ അഥവാ ക്ഷമിക്കുന്നവർക്ക് പ്രതിഫലം ലഭിക്കുന്നതാണ്. അതിന് ഒരു കണക്കും ഉണ്ടാകുന്നതല്ല. അതായത് അവർക്കുമേൽ കണക്കില്ലാതെ അനുഗ്രഹങ്ങൾ വർഷിക്കപ്പെടും. ഇതു സബ്ർ ചെയ്യുന്നവർക്ക് മാത്രമുള്ള പ്രതിഫലമാകുന്നു. മറ്റ് ഇബാദത്തുകൾ ചെയ്യുന്നവർക്ക് ഈ വാഗ്ദാനമില്ല.

ഒരാൾ ആരെയെങ്കിലും സഹായിക്കാൻ ജീവിതം ചെലവഴിക്കുകയും അയാൾക്കു പ്രയാസത്തിനുമേൽ പ്രയാസം വരികയും ചെയ്യുമ്പോൾ പ്രസ്തുത സഹായം ചെയ്യുന്നയാൾക്ക് അവസാനം ആത്മാഭിമാനം ഉണ്ടാകുകയും പ്രയാസപ്പെടുത്തുന്നവരെ ഉന്മൂലനാശത്തിന് വിധേയരാക്കുകയും ചെയ്യുന്നു. അതുപോലെ നമ്മുടെ ജമാഅത്ത് അല്ലാഹുവിന്റെ പിന്തുണയിലാണുള്ളത്. ദുഃഖം സഹിക്കുമ്പോൾ ഈമാൻ ബലവത്താകുന്നു. സബ്റിനെപ്പോലുള്ള മറ്റൊരു കാര്യവുമില്ല.

ഒരിക്കൽ ബയ്അത്ത് ചെയ്യാൻ കുറച്ചാളുകൾ ഖാദിയാനിൽവന്നു. അവരെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഭൗതികരായ ആളുകൾ ഉപായങ്ങളിൽ പ്രതീക്ഷ അർപ്പിക്കുന്നു. പക്ഷേ, അല്ലാഹു ഉപായങ്ങളെ ആശ്രയിക്കാൻ നിർബന്ധിതനല്ല. ചിലപ്പോൾ അവൻ ആഗ്രഹിക്കുമ്പോൾ തന്റെ ദാസന്മാർക്കുവേണ്ടി സാഹചര്യങ്ങളും ഉപായങ്ങളും ഇല്ലാതെയും കാര്യങ്ങൾ നടത്തിക്കൊടുക്കുന്നു. ചിലപ്പോൾ സാഹചര്യവും സാമഗ്രികളുമുണ്ടാക്കുന്നു. ചിലപ്പോൾ തയ്യാറായിട്ടുള്ള സാഹചര്യങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ തങ്ങളുടെ കർമങ്ങളെ പരിശുദ്ധമാക്കിയവൻ അല്ലാഹുവിനെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കുക. അലംഭാവമരുത്. ഓടിക്കൊണ്ടിരിക്കുന്ന ഇര അല്പം അശ്രദ്ധമായാൽ വേട്ടക്കാരന്റെ കൈപ്പിടിയിൽ വരുന്നു. അതുപോലെ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അശ്രദ്ധനാകുന്നവൻ ശയ്ത്വാനിന്റെ ഇരയായിത്തീരുന്നു. തൗബ അഥവാ പശ്ചാത്താപത്തെ എപ്പോഴും ജീവസുറ്റതാക്കിവെക്കുക. അതിനെ മറിക്കാൻ അനുവദിക്കരുത്. തൗബ അഥവാ പശ്ചാത്താപമില്ലാതെ ഒരിക്കലും കഴിച്ചുകൂട്ടരുത്. എപ്പോഴും തൗബ ചെയ്യുവിൻ. കാരണം ഉപയോഗിക്കപ്പെടുന്ന അവയവമാണ് എപ്പോഴും പ്രയോജനപ്പെടുക. ഏതിനെയാണോ വൃഥാവിൽ തള്ളുന്നത് അത് എന്നെന്നേക്കുമായി പ്രയോജനരഹിതമായിത്തീരുന്നു. അതുകൊണ്ട് തൗബ വൃഥാവിലാകാതിരിക്കാൻ സജീവമാക്കി നിറുത്തുവിൻ. നിങ്ങൾ സത്യസന്ധമായ തൗബ ചെയ്തിട്ടില്ലെങ്കിൽ അത് പാറയിൽ വിതച്ച വിത്തുപോലെയാണ്. എന്നാൽ, സത്യസന്ധമായ തൗബയാണെങ്കിൽ അത് ഫലഭൂയിഷ്ഠമായ മണ്ണിൽ വിതച്ച വിത്തുപോലെയുമാണ്. അത് യഥാസമയം ഫലം നല്കുന്നതാണ്. ഇന്ന് ഇത്തരം തൗബയിൽ വളരെ പ്രയാസമുണ്ട്. പുതിയതായി ബയ്അത്ത് ചെയ്യുന്നവരോടു പറഞ്ഞു: "ഇനി ഇവിടെനിന്ന് പോ


(ശേഷം പേജ് 12ൽ)

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.' (സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

## വിവർത്തനം: മുഹമ്മദു ഇസ്മായീൽ

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

മകളോടു പറഞ്ഞു: 'ക്ഷമ കൈക്കൊള്ളുക, ക്ഷമയുടെ ഫലം അല്ലാഹുവിന്റെ പക്കൽ അമാനത്താണ്.' സൃഷ്ടിസേവനത്തിന്റെ എത്രമാത്രം ഉദാത്തമായ സ്ഥാനമാണിത്. വീട്ടിൽ മൂന്നു ദിവസം അടുപ്പിച്ച് പട്ടിണിയാണ്. ഭിക്ഷക്കാരൻ വീട്ടുപടിക്കൽ വരുന്നു, വെറും കൈയോടെ മടക്കുന്നത് ശരിയല്ലെന്ന് കരുതി, തന്റെ പുതപ്പു പണയംവെച്ച് ധാന്യം വാങ്ങി ഇടിച്ചുപൊടിച്ചു റൊട്ടി ഉണ്ടാക്കിക്കൊടുത്തിട്ട് സ്വയം പട്ടിണി കിടക്കുന്നു. ഇതെല്ലാം ചെയ്തത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടു മാത്രമായിരുന്നു.

ഹദ്റത്ത് ഫാത്വിമയിൽനിന്ന് ഹദീഥുഗ്രന്ഥങ്ങളിൽ ധാരാളം നിവേദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വലിയ വലിയ സ്വഹാബാക്കളാണ് അതു നിവേദനം ചെയ്തിട്ടുള്ളത്. അതായത് ഹദ്റത്ത് അലിയ്യുബ്നു അബീത്വാലിബ്(റ), ഹദ്റത്ത് ഹസൻ(റ), ഹദ്റത്ത് ഹുസയ്ൻ(റ), ഹദ്റത്ത് ആയിശാ(റ), ഹദ്റത്ത് അനസുബ്നു മാലിക്(റ).

**കുടുംബ വിശേഷങ്ങൾ**:– ജീവിതം മുഴുവൻ ഞെരുക്കവും വിഷമവും ആയിരുന്നിട്ടും ഉള്ളതിൽ തൃപ്തിപ്പെട്ടും സഹിച്ചും നന്ദി കാണിച്ചും ഹദ്റത്ത് ഫാത്വിമ(റ) ജീവിച്ചു പോന്നു; ലളിതമായ ജീവിതം. വീട്ടുജോലികളെല്ലാം സ്വന്തം ചെയ്തു. ധാന്യങ്ങൾ ആട്ടിയാട്ടി കൈകളിൽ തഴമ്പായി. വീടും മുറ്റവും സ്വയം അടിച്ചുവാരി വൃത്തിയാക്കി. അടുപ്പിന്റെ അടുത്തിരിക്കുന്നതുകൊണ്ട് വസ്ത്രങ്ങങ്ങൾ പുകപിടിച്ച് വേഗം മുഷിയാറുണ്ടായിരുന്നു. ഈ വിഷമങ്ങളെല്ലാം കണ്ടിട്ട് ഹദ്റത്ത് അലി(റ)ഒരിക്കൽ പറഞ്ഞു: 'ഇപ്പോൾ വിജയത്തിന്റെ കാലമാണ്, നബി(സ)തിരുമേനിയുടെ പക്കൽ ധാരാളം തടവുകാർ വന്നിട്ടുണ്ട്. നബിയുടെ അടുക്കൽപോയി ഒരു അടിമയെ ചോദിക്കുക.' ആദ്യം പോയെങ്കിലും ഹദ്റത്ത് ഫാത്വിമ (റ) നാണിച്ചിട്ട് ചോദിക്കാതെ മടങ്ങിവന്നു. രണ്ടാമത് ഹദ്റത്ത് അലിയേയും കൂട്ടിപ്പോയി. പറഞ്ഞു: 'വെള്ളം കോരിക്കോരി നെഞ്ചു വേദനിക്കുന്നു. ധാന്യം ആട്ടിപ്പൊടിച്ച് കൈകൾ തഴമ്പുകൊണ്ട് നിറഞ്ഞു. അങ്ങയുടെ പക്കൽ ധാരാളം തടവുകാർ വന്നിട്ടുണ്ടല്ലോ, ആരെയെങ്കിലും സഹായത്തിനു കിട്ടിയാൽ കൊള്ളമായിരുന്നു.' ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു, 'അല്ലാഹുവാണ, നിങ്ങൾക്കു രണ്ടുപേർക്കും ഒരു തടവുകാരനേയും തരാൻ പറ്റില്ല. നിങ്ങളെക്കാൾ അധികം അതിന്നർഹർ ബദ്റിലെ യത്തീംകളാണ്.'

അവർക്ക് സൗന്ദര്യവർധക വസ്തുക്കളൊന്നും നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ നബി(സ) ഒരു യുദ്ധം കഴിഞ്ഞു മടങ്ങിവന്നു. ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ കർട്ടൺ തൂക്കിയിട്ടിരിക്കുന്നതുകണ്ട് വെറുപ്പ് പ്രകടിപ്പിച്ചു. അതു ഫാത്വിമയ്ക്ക് മനസ്സിലായപ്പോൾ ഉടനെ അഴിച്ചുമാറ്റി. കുട്ടികളുടെ കൈയിൽ വെള്ളിവളകൾ കിടക്കുന്നതു കണ്ടപ്പോൾ അതു താൻ ഇഷ്ടപ്പെടുന്നില്ലെന്ന് നബി(സ) പറഞ്ഞുടനെ അതും അഴിച്ചുമാറ്റി. അതിനുപകരം ഫാത്വിമയ്ക്ക് കൊമ്പിന്റെ ഒരു മാലയും കുട്ടികൾക്ക് ആനപ്പല്ലിന്റെ വളയും വാങ്ങാൻ പറഞ്ഞു. ഹദ്റത്ത് ഫാത്വമയ്ക്ക്, ഹദ്റത്ത് അലി(റ) സ്വർണമാല കൊണ്ടു വന്നതാണ്. പക്ഷേ, നബി(സ) അതിഷ്ടപ്പെട്ടില്ല. കൊമ്പിന്റെ മാല വാങ്ങിപ്പിച്ചു. താൻ വീട്ടുജോലി ചെയ്ത് ക്ഷീണിച്ചു പോകുന്നു, വല്ലാതെ ബുദ്ധിമുട്ടുന്നുവെന്ന് ഹദ്റത്ത് ഫാത്വിമ(റ) പറഞ്ഞപ്പോൾ നബി(സ)പറഞ്ഞു: 'വീട്ടുവേലക്കാരെക്കാൾ ഉത്തമമായത് ഞാൻ നിനക്കു പറഞ്ഞു തരട്ടെ, ഉറങ്ങാൻ കിടക്കുമ്പോഴും എല്ലാ നമസ്കാരത്തിനുശേഷവും 33 പ്രാവശ്യം സുബ്ഹാനല്ലാഹ് എന്നും 33 പ്രാവശ്യം അൽഹംദുലില്ലാഹ് എന്നും 34 പ്രവശ്യം അല്ലാഹു അക്ബർ എന്നും ചൊല്ലി ശരീരം മുഴുവൻ ഊതുക. ഹദ്റത്ത് ഫാത്വിമയുടെ പക്കൽ കുറച്ചു വസ്ത്രമേ ഉണ്ടായിരുന്നുള്ളു, അതു കഴുക്കഴുകി ഉപയോഗിക്കുകയായിരുന്നു പതിവ്.

ഹദ്റത്ത് അലിയുടെ സാമ്പത്തികസ്ഥിതിയും മെച്ചപ്പെട്ടതായിരുന്നില്ല. പണിയെന്തെങ്കിലും കിട്ടിയാൽ ഉടനെ അതുകൊണ്ട് ധാന്യം വങ്ങിയിടും. ഹദ്റത്ത് ഫാത്വിമ(റ) ഭക്ഷണം പാചകം ചെയ്തു കൊടുക്കും. വീട്ടിൽ സാധനമുണ്ടെങ്കിൽ കൃത്യസമയത്തു ഭക്ഷണം തയ്യാർ ചെയ്ത് ഹദ്റത്ത് അലിയുടെ മുന്നിലെത്തിക്കും. സുബ്ഹി നമസ്കാരം കഴിഞ്ഞാൽ ധാന്യം കുത്തിപൊടിക്കാൻ തുടങ്ങും. ഒരിക്കൽ ഹദ്റത്ത് അലി(റ)പറഞ്ഞു: 'റസൂലിന്റെ മകളേ! അല്പസമയം വിശ്രമിക്കുക. ആരാധനാകർമങ്ങൾ കൂടുതൽ ചെയ്യുന്നതുകൊണ്ടും കൂടുതൽ ജോലി എടുക്കുന്നതുകൊണ്ടും രോഗം മൂർച്ഛിക്കാനിടയുണ്ട്.' ഹദ്റത്ത് ഫാത്വിമ(റ) ചിരിച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹുവിനെ ആരാധിക്കുന്നതും അങ്ങയ്ക്കു സേവനം ചെയ്യുന്നതും തന്നെയാണ് എന്റെ രോഗത്തിനുള്ള ചികിത്സ. ഇവ രണ്ടിൽ ഏതെങ്കിലും ഒന്നു കാരണത്താൽ മരണം ഉണ്ടായാൽതന്നെ അതിനെക്കാൾ നല്ല മരണം മറ്റെന്താണ്.?' ഇതു കേട്ട് ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഫാത്വിമ ഉത്തമയായ സ്ത്രീകളിൽപ്പെട്ടവളാണെന്ന് അല്ലാഹുവിന്റെ റസൂൽ പറഞ്ഞത് എത്രമാത്രം ശരിയാണ്!'

ഒരു നിവേദനം ഇങ്ങനെ വന്നിട്ടുണ്ട്, ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഫാത്വിമ അല്ലാഹുവിന്റെ സൃഷ്ടികളിൽ ഉത്തമയാണെന്നപോലെ ഉത്തമയായ കുടുംബിനിയുമാണ്. എന്റെ വീട്ടിൽ പട്ടുവസ്ത്രങ്ങൾ ഒന്നും ഇല്ലെന്നത് ശരിതന്നെ. പക്ഷേ ഫാത്വിമയുടെ ആട്ടുകല്ലിൽ പൊടിപടലങ്ങളൊന്നുമില്ല. ഞങ്ങളുടെ വിരിപ്പുകൾ പൊടിപിടിച്ചു കിടക്കുകയുമില്ല. അവളുടെ പുതപ്പിൽ കണ്ടം വെച്ചു തുന്നിയിട്ടുള്ളതു കാണാം. പക്ഷേ, അതിൽ അഴുക്കൊന്നും ഉണ്ടാകുകയില്ല.' ഇപ്പറഞ്ഞതിൽനിന്നെല്ലാം ഹദ്റത്ത് ഫാത്വിമയുടെ(റ) സൗശീലം മനസ്സിലാക്കാൻ കഴിയും.

മനുഷ്യപ്രകൃതിയനുസരിച്ച് ദമ്പതിമാർക്കിടയിൽ വല്ലപ്പോഴുമൊക്കെ വഴക്കുകളുണ്ടാകുന്നതും സർവസാധാരണമാണ്. ഇവർക്കിടയിലും അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, രണ്ടു പരിശുദ്ധാത്മാക്കളുടേയും പവിത്രമായ സ്വഭാവങ്ങളെ അത് ഒരു വിധത്തിലും ബാധിച്ചിരുന്നില്ല. എപ്പോഴെങ്കിലും ചെറുതോ വലുതോ ആയ വല്ല പ്രശ്നവും ഉണ്ടായാൽ അവർക്കിടയിൽ വളരെ നല്ല നിലയിൽ നബി(സ)തിരുമേനി രഞ്ജിപ്പ് ഉണ്ടാക്കുമായിരുന്നു. നിവേദനം: " ഒരിക്കൽ നബി(സ) തിരുമേനി ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയി. പുറത്തു വന്നപ്പോൾ മുഖത്ത് സന്തോഷം പ്രസരിച്ചു കണ്ടു. അനുചരന്മാർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! അകത്തു പോയപ്പോൾ അങ്ങയുടെ അവസ്ഥ ഇതായിരുന്നില്ലല്ലോ? പുറത്തു വന്നപ്പോൾ തികച്ചും സന്തോഷത്തിൽ കാണുന്നു.' നബി(സ)പറഞ്ഞു:' എനി ക്കു ഏറ്റവുമധികം പ്രിയപ്പെട്ട ഇവരെ രണ്ടുപേരേയും തമ്മിൽ ഞാൻ ഇണക്കിയിരിക്കുന്നു." ഇപ്രകാരം തന്നെ മറ്റൊരു നിവേദനമുണ്ട്. 'ഒരിക്കൽ അലിയെക്കുറിച്ചുള്ള പരാതിയുമായി ഹദ്റത്ത് ഫാത്വിമ(റ), നബി(സ)യുടെ അടുക്കൽവന്നു. ഫാത്വിമയുടെ പിന്നാലെ ഹദ്റത്ത് അലിയും(റ) അവിടെയെത്തി. നബി(സ) ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞു, 'മോളേ! ഏതു ഭർത്താവാണ് തന്റെ ഭാര്യയുടെ അടുക്കൽ നിശബ്ദനായി നടന്നു വരുന്നതെന്ന് നീ മനസ്സിലാക്കണം.' ഈ വാക്കുകൾ ഹദ്റത്ത് അലിയുടെ മനസ്സിൽ ആഴത്തിൽ തറച്ചു. ഹദ്റത്ത് അലി(റ) പ്രതിജ്ഞയെടുത്തു: 'ഇനി ഫാത്വിമയ്ക്കു ചേരാത്തതൊന്നും ഞാൻ ചെയ്യുകയില്ല.

ഒരിക്കൽ ഹദ്റത്ത് അലി പള്ളിമുറ്റത്തുവന്നു കിടന്നു. വീട്ടിൽനിന്ന് ദ്വേഷപ്പെട്ട് ഇറങ്ങിപ്പോന്നതാണെന്ന് നബി(സ)തിരുമേനിക്കു മനസ്സിലായപ്പോൾ ഉടനെ അടുത്തെത്തി. അലിയുടെ പുറത്തു പറ്റിപ്പിടിച്ചിരുന്ന മണൽത്തരികൾ തട്ടിക്കളഞ്ഞുകൊണ്ടു പറഞ്ഞു, 'അബൂതുറാബേ! എഴുന്നേല്ക്കുക.' രണ്ടു പ്രാവശ്യം നബി(സ) അതാവർത്തിച്ചു. നബി(സ)തിരുമേനി വിളിച്ച ആ പേര് ഹദ്റത്ത് അലിയ്ക്കു നന്നേ പിടിച്ചു. ഹദ്റത്ത് ഫാത്വിമയോടും ഹദ്റത്ത് അലിയോടും നബി(സ)തിരുമേനിക്ക് ഒത്തിരി സ്നേഹമുണ്ടായിരുന്നു. ചിലപ്പോൾ എന്റെ മൂത്താപ്പായുടെ മക്കളേ എന്ന് അവരെ വിളിക്കുമായിരുന്നു.

ഒരിക്കൽ ഹദ്റത് അലി(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: 'ഫാത്വിമയ്ക്ക് ഇഷ്ടമില്ലാതെ ഞാൻ ഇന്ന ഇന്ന ആളുകളുടെ അടുക്കൽ പോകുന്നതുകൊണ്ട് എന്നോടു വെറുപ്പാണ്.' ഹദ്റത്ത് ഫാത്വിമ ഉടനെ പറഞ്ഞു, 'അല്ല, അല്ല എനിക്കൊരിക്കലും അലിയെ വെറുക്കാൻ കഴിയില്ല. അദ്ദേഹത്തിന് തെറ്റു പറ്റിയിരിക്കുന്നു. ഞാൻ വെറുതെ അങ്ങനെ പറഞ്ഞുവെന്നേയുള്ളു.' ഒരിക്കൽ അല്ലാഹുവിന്റേയും ഇസ്ലാമിന്റേയും ശത്രുവായിരുന്ന അബൂജഹ്ൽ തന്റെ മകളെ അലിയെകൊണ്ട് വിവാഹം കഴിപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. നബി(സ) ഇത് അറിഞ്ഞപ്പോൾ മിമ്പറിൽ കയറി നിന്ന് പ്രസംഗിച്ചു: 'ഹിശാമിന്റെ കുടുംബം, അലിയ്യുബ്നു അബീത്വാലിബിന്റെ നിക്കാഹ് തന്റെ മകളുമായി നടത്താൻ ആഗ്രഹിക്കുന്നു. എന്നോട് അതിനു സമ്മതം ചോദിക്കുന്നു. പക്ഷേ, അല്ലാഹുവാണ! ഞാനൊരിക്കലും അതിനു സമ്മതം നല്കുകയില്ല. ഹലാലിനെ ഹറാമാക്കുന്നതിനും ഹറാമിനെ ഹലാലാക്കുന്നതിനുമല്ല ഞാൻ നില്ക്കുന്നത്. അല്ലാഹുവാണ! ഒരു നബിയുടെ മകളും അല്ലാഹുവിന്റെ ശത്രുവിന്റെ മകളും പരസ്പരം ഒത്തുപോകുകയില്ല. ഫാത്വിമ എന്റെ ശരീരത്തിന്റെ ഭാഗമാണ്. ആരാണോ അവളെ ബുദ്ധിമുട്ടിക്കുന്നത് അവൻ എന്നെ ബുദ്ധിമുട്ടിക്കുന്നു.' ഈ വാക്കുകൾ ഹദ്റത്ത് അലിയെ പിടിച്ചു കലുക്കി കളഞ്ഞു. അദ്ദേഹം ഫാത്വിമായുടെ ജീവിതകാലത്ത് മറ്റൊരു വിവാഹം കഴിച്ചില്ല. ഹദ്റത്ത് ഫാത്വിമയുടെ മരണശേഷം അവരുടെ വസിയ്യത്തനു

### • കലാമുൽ ഇമാം: •

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

### • കലാമുൽ ഇമാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

സരിച്ച് ഫാത്വിമയുടെ സഹോദരി സയ്നബിന്റെ മകൾ ഉമാമയെ വിവാഹം കഴിച്ചു. ആ അവസരത്തിൽ നബി(സ) തിരുമേനി ഇങ്ങനേയും പറഞ്ഞിരുന്നു: 'അലി ബിൻ ത്വാലിബിന് എന്റെ മകളെ ത്വലാഖുചൊല്ലി ഹിശാമിന്റെ മകളെ വിവാഹം കഴിക്കാവുന്നതാണ്.' ആ ഘട്ടത്തിൽ നബി(സ)തിരുമേനി തന്റെ മൂത്ത മരുമകനായ അബുൽആസ്വിനെ അദ്ദേഹം തന്നോടു പറഞ്ഞതെല്ലാം നിറവേറ്റി കാണിച്ചുവെന്നു പറഞ്ഞ് ഒരുപാട് പുകഴ്ത്തുകയും ചെയ്തു.

**നബി(സ)യുടെ വിയോഗം**: ഹിജറ 10-ാംവർഷം അവസാനിക്കുന്ന സന്ദർഭം. വിശുദ്ധഖുർആനിലെ പ്രസിദ്ധമായ വചനം ഇറങ്ങി: "ഇന്നേ ദിവസം സത്യനിഷേധികൾ നിരാശരായിരിക്കുന്നു. നിങ്ങൾ അവരെ ഭയപ്പെടരുത്. എന്നെ ഭയപ്പെടുക. ഇന്നേ ദിവസം നിങ്ങളുടെ മതത്തെ ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്കു പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്കു മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു."

ഈ വചനത്തിൽനിന്ന് നബി(സ)തിരുമേനിയുടെ അന്ത്യം അടുത്തിരിക്കുന്നുവെന്ന് മുസ്ലീംകൾ മനസ്സിലാക്കി. നബി(സ)കഅ്ബാദേവാലയത്തിൽ ഹജ്ജ് കർമവും നിർവഹിച്ചു കഴിഞ്ഞിരുന്നു. ഹജ്ജ് കർമം നിർവഹിച്ച നബി(സ)മദീനയിലെത്തി. രണ്ടു മാസം കഴിഞ്ഞപ്പോൾ രോഗശയ്യയിലായി. ഒരു ദിവസം കഠിനമായ തലവേദനയും പനിയുമുണ്ടായി. ഈ പനി ഓരോ ദിവസവും കൂടിക്കൂടി വന്നു. അതിനോടൊപ്പം ക്ഷീണവുംകൂടി. ആറു ദിവസത്തിനുശേഷം ക്ഷീണം വീണ്ടുംകൂടി. ഹദ്റത്ത് മയ്മൂനായുടെ വീട്ടിൽനിന്ന് ഹദ്റത്ത് ആയിശായുടെ വീടുവരെ നബി(സ) എത്തിയത് രണ്ടാളുടെ സഹായത്താലാണ്. അവസാനമായി ബാധിച്ച രോഗത്തിൽ നബി(സ)തിരുമേനിയുടെ ബുദ്ധിമുട്ടും വിഷമവുംകണ്ട് ഹദ്റത്ത് ഫാത്വിമ(റ) കരയിൽ പിടിച്ചിട്ട മത്സ്യത്തെപോലെ പിടയ്ക്കുകയും ഏങ്ങലടിച്ചു കരയുകയും ചെയ്തു. ഫാത്വിമയുടെ അവസ്ഥ കണ്ടപ്പോൾ നബി(സ) അടുത്തേക്കു വിളിച്ചു. ചെവിയിൽ എന്തോ മന്ത്രിച്ചു. അപ്പോൾ ഹദ്റത്ത് ഫാത്വിമയുടെ കരച്ചിലിന് ആക്കംകൂടി. ഉടനെ മറ്റേ കാതിലും എന്തോ പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഫാത്വിമ ചിരിച്ചു. എന്താണ് പറഞ്ഞതെന്ന് ഹദ്റത്ത് ആയിശാ(റ) ചോദിച്ചപ്പോൾ പറഞ്ഞു: 'അല്ലാഹുവാണ! എന്റെ ഉപ്പ ജീവിച്ചിരിക്കെ ഈ രഹസ്യം ഞാനൊരിക്കലും വെളിപ്പെടുത്തുകയില്ല.'

18 ദിവസം പനി ഒരുപോലെനിന്നു. തലവേദനയും അസഹ്യമായിരുന്നു. കഠിനമായ ആ വിഷമം കണ്ട് ഹദ്റത്ത് ഫാത്വിമ(റ) അനിയന്ത്രിതമായി പറഞ്ഞുപോയി: 'ഹോ! എന്റെ പിതാവിന്റെ വിഷമമേ! 'തന്റെ പ്രിയപ്പെട്ട മകളുടെ വേദന തിങ്ങിയ ആ വാക്കുകൾ നബി(സ)കേട്ടു. മെല്ലെ പറഞ്ഞു: 'മകളേ, ഇന്നേയ്ക്കുശേഷം നിന്റെ ഉപ്പാക്ക് ഒരു വിഷമവുമുണ്ടാകുകയില്ല.' നബി(സ)തിരുമേനിയുടെ ചുണ്ടുകൾ ചലിക്കുന്നതായി കണ്ടു. അനുഗൃഹീത ചുണ്ടുകളിലെ ആ ചലനം ഈ വാക്കുകളായിരുന്നു.: '**അല്ലാഹുമ്മ റഫീഖിൽ അഅ്ലാ.**' വേർപാടിന്റെ ആ ദിനവും അവസാനം വന്നെത്തി. ഹിജറത്ത് കഴിഞ്ഞ് 11-ാം വർഷം. റബീഉൽഅവ്വൽ മാസത്തിന്റെ 12-ാം ദിവസം. ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റായുടെ തലയ്ക്കുമീതെനിന്ന് തന്റെ പരിശുദ്ധനായ പിതാവിന്റെ തണൽ എന്നെന്നേക്കുമായി നീങ്ങിപ്പോയി. മുസ്ലീംകളുടെ തലയ്ക്കുമീതെയും പരിശുദ്ധ നബി(സ)യുടെ അനുഗൃഹീത തണൽ ഇല്ലാതെയായി. നബി(സ)തിരുമേനിയുടെ വേർപാടിനുശേഷം ഹദ്റത്ത് ഫാത്വിമയെ ചിരിക്കുന്ന മുഖത്തോടെ ആരും കണ്ടിട്ടില്ലെന്ന് ഹദീഥ്ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ മഹതി എപ്പോഴും ഉദാസീനയും ദുഃഖാർത്തയുമായിരുന്നു. ഹദ്റത്ത് അനസ്(റ) പറയുന്നു: "ഖബ്റടക്കം കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ ഹദ്റത്ത് ഫാത്വിമ എന്നോടു ചോദിച്ചു.: 'അനസേ! താങ്കൾക്ക് ഏതു മനസ്സോടെയാണ് അല്ലാഹുവിന്റെ റസൂലിനെ മണ്ണിന്നടിയിൽ മറയ്ക്കാൻ കഴിഞ്ഞത്?" ഇതും പറഞ്ഞ് പൊട്ടിപൊട്ടി കരയാൻ തുടങ്ങി. കരയാതിരിക്കാൻ എന്തു വകയാണുള്ളത്? ആദ്യം ഉമ്മ. പിന്നീടു സ്വന്തം കൺമുമ്പിൽ ഒന്നിനു പിറകെ ഒന്നായി യുവതികളായ മൂന്നു സഹോദരിമാർ. സമാശ്വസിപ്പിച്ചുപോന്ന, അങ്ങേയറ്റം സ്നേഹം പകർന്നു നല്കിയ ഒരു പിതാവുണ്ടായിരുന്നു. ഇപ്പോൾ ആ തണലും ഇല്ലാതായിരിക്കുന്നു. ഹദ്റത്ത് അലിയുടെ അനുകമ്പയും അതിയായ സ്നേഹവുമൊക്കെ ഉണ്ടായിരുന്നിട്ടും ഫാത്വിമായുടെ മനസ്സിൽ ദുഃഖം തളംകെട്ടിനിന്നു. വീട്ടിലെ തിരക്കിന്നിടയിലും പലപ്പോഴും നബി(സ)തിരുമേനിയുടെ ഏതെങ്കിലും വസ്ത്രമെടുത്ത് മണത്തുകയും കണ്ണിൽ പൊത്തുകയും കരയുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ) ബുദ്ധിമതിയായിരുന്നു. വിശുദ്ധ ഖുർആനിന്റെ ജ്ഞാനം നല്ലവണ്ണം ഉണ്ടായിരുന്നു. ചിലപ്പോൾ എല്ലാ സംസാരത്തിന്റേയും രത്നചുരുക്കം ഖുർആൻ തന്നെയായിരുന്നു. നബി(സ)തിരുമേനി മരണപ്പെട്ടപ്പോൾ ഹദ്റത്ത് ഫാത്വിമയുടെ അണപൊട്ടിയൊഴുകിയ കണ്ണീരുകളിൽനിന്ന് ശോകമയമായ ചില വാക്കുകൾ കവിതാ രൂപത്തിൽ ഉതിർന്നു വീണു. അത് അദ്ദുർറുൽ മൻശൂർ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ ചില വരികളുടെ തർജമ ഇതാ: *"ആകാശം പൊടിപടലങ്ങൾകൊണ്ടു നിറഞ്ഞു. സൂര്യൻ ചുരുട്ടപ്പെട്ടു. കാലം അന്ധകാരത്തിലമർന്നു. ആദരണീയനായ നബി(സ)തിരുമേനിക്കുശേഷം ഭൂമി ദുഃഖഹന്താവായി എന്നു മാത്രമല്ല, ദുഃഖഭാരത്താൽ വിണ്ടുകീറിപ്പോയിരിക്കുന്നു. നബി(സ)തിരുമേനിയുടെ ദേഹവിയോഗത്തിൽ പാശ്ചാത്യദേശവാസികളും പൗരസ്ത്യദേശവാസികളും യമൻവാസികളും ഒരുപോലെ വിലപിക്കുകയാണ്. വലിയ വലിയ പർവതങ്ങളിൽനിന്നും കൊട്ടാരങ്ങളിൽനിന്നും നിലവിളികൾ ഉയരുകയാണ്. അല്ലയോ ഖാത്തമുന്നബിയ്യീൻ! അല്ലാഹു അങ്ങയുടെമേൽ കാരുണ്യം വർഷിക്കുമാറാകട്ടെ."*

**നിവേദനം**: ഒരിക്കൽ നബി(സ)യുടെ പരിശുദ്ധ ഖബറിനടുക്കൽ പോയി. പരിസരം മറന്ന് കരഞ്ഞ്കരഞ്ഞ് നിലത്തുവീണു. ദുഃഖം നാവിലൂടെ ഇങ്ങനെ വെളിയിൽ വന്നു: "എന്റെ ഉപ്പ എന്നിൽനിന്ന് വേർപെട്ടുപോയി. അറേബ്യൻ മരുഭൂമിയെ പ്രകാശമാനമാക്കിയ ആ ദീപം ഇതാ അണഞ്ഞു പോയിരിക്കുന്നു. ഇപ്പോൾ ദുൻയാവിന്റെ മുസ്വീബത്തുകൾ എന്റെ കൺമുമ്പിലുണ്ട്. ഉമ്മ ഇല്ലാത്ത ഈ കുട്ടി ഉപ്പയുടെ വേർപാടിൽ കരഞ്ഞുകരഞ്ഞ് നേരം കഴിക്കുന്നു. എന്റെ തലയിൽ മുസ്വീബത്തിന്റെ പർവതം കൊണ്ടിട്ട ആ കാളരാത്രി, അതൊരു ഖിയാമത്തായിരുന്നു. എന്റെ ജീവിതത്തിന് നീളമുണ്ട്. ഈ ദുഃഖഭരത്താൽ അതവസാനിച്ചില്ല. അല്ലാഹുവിന്റെ പ്രവാചകരേ! എന്റെ ദുആയ്ക്ക് അങ്ങ് ആമീൻ ചൊല്ലിയാലും. സർവലോത്തിന്റേയും ആരാധ്യനായിട്ടുള്ളവനേ! വിഷമങ്ങൾക്കു വിധേയയായിക്കൊണ്ടിരിക്കുന്ന ഈ മകളേ അവളുടെ ഉപ്പയുടെ അടുക്കൽ എത്തിച്ചാലും. അവളുടെ കണ്ണുകൾ തിളക്കമുള്ളതാക്കിയാലും."

ഹദ്റത്ത് ഫാത്വിമ(റ) മിക്കപ്പോഴും നബി(സ)തിരുമേനിയുടെ ഖബ്റിനടുക്കൽ പോകുമായിരുന്നു. അർധരാത്രി വരെ അവിടെ ആരാധനയിൽ മുഴുകുമായിരുന്നു. നബി(സ)യുടെ വിയോഗത്തിനു ശേഷം തന്റെ ചെവിയിൽ പറഞ്ഞകാര്യം ഹദ്റത്ത് ഫാത്വിമ(റ) വെളിപ്പെടുത്തി: "ആദ്യം നബി(സ)എന്റെ ചെവിയിൽ പറഞ്ഞു, 'ഈ രോഗത്തിൽ ഞാൻ മരിക്കുന്നതാണ്.' അപ്പോൾ ഞാൻ കരയാൻ തുടങ്ങി. രണ്ടാമത് നബി(സ)പറഞ്ഞു, 'എന്റെ കുടുംബത്തിൽ ഏറ്റവും ആദ്യം എന്റെ അടുത്തുവരുന്നത് നീ ആയിരിക്കും.' അപ്പോൾ ഞാൻ ചിരിച്ചു."

ഹദ്റത്ത് അലിക്കും, നബി(സ)തിരുമേനിയോടു അതിരറ്റ സ്നേഹമുണ്ടായിരുന്നു. കുട്ടിക്കാലം മുതൽ നബി(സ)യുടെ വീട്ടിലായിരുന്നു ഹദ്റത്ത് അലി കഴിഞ്ഞിരുന്നത്. നബി(സ) അങ്ങേയറ്റം സ്നേഹത്തോടും വാത്സല്യത്തോടുംകൂടി അലിയെ വളർത്തി. അതുകൊണ്ടു തന്നെ അലിയ്ക്കും നബി(സ)യുടെ വേർപാട് അസഹ്യമായിരുന്നു. ഉദാസീനത ആ മുഖത്ത് എപ്പോഴും നിഴലിച്ചുനിന്നു. ഹദ്റത്ത് ഫാത്വിമയുടെ ദുഃഖം കൂടിയായപ്പോൾ അതിരട്ടിയായി. ഹദ്റത്ത് ഫാത്വിമയെ സമാധാനിപ്പിച്ചു, സാന്ത്വനപ്പെടുത്തി. എന്നാൽ, ഹദ്റത്ത് ഫാത്വിമയുടെ ആരോഗ്യം നിത്യേന ക്ഷയിച്ചുകൊണ്ടിരുന്നു. ഖബ്റിനടുക്കൽനിന്ന് ഒരിക്കൽ മടങ്ങി വരുമ്പോൾ ആരോഗ്യം വളരെ വഷളായി. മരണം അടുത്തിരിക്കുന്നുവെന്ന് ഹദ്റത്ത് ഫാത്വിമയ്ക്കു തോന്നി. ഹദ്റത്ത് അലിയെ വിളിച്ചു വസ്വിയ്യത്ത് ചെയ്തു: 'അന്യരായ ആരും എന്റെ മയ്യിത്ത് പിടിക്കരുത്. ഖബ്റടക്കം രാത്രിയിലായിരിക്കണം.' ഒരു ദിവസം വുദു(ക്ഷാളനം)ചെയ്ത് വെള്ളം വസ്ത്രം ധരിച്ചു. ഈ വസ്ത്രത്തിലായിരിക്കണം തന്നെ കുളിപ്പിക്കേണ്ടതെന്ന് അലിയോടു പറയാൻ ഹദ്റത്ത് അസ്മായെ ചുമതലപ്പെടുത്തി. ഖിബ്ലയ്ക്കു നേരെ തിരിഞ്ഞു. റമദാൻ മാസം 3-ാം തിയതി, ചൊവ്വാഴ്ച മഗ്രിബ്നും ഇശായ്ക്കുമിടയിൽ സ്വർഗവാസിനി ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ) ഈ ലോകത്തോടു എന്നെന്നേയ്ക്കുമായി വിടപറഞ്ഞു. അന്ന് നബി(സ) തിരുമേനി മരണപ്പെട്ടിട്ട് 6-മാസം കഴിഞ്ഞതേയുള്ളു. ആ നേരത്ത് ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റദിയല്ലാഹു അൻഹാ)യുടെ പ്രായം 28,29ന് അടുത്തായിരുന്നു.

**ഫദക് തോട്ടം**: ഹദ്റത്ത് ഫാത്വിമയുടെ ജീവിതത്തിലെ പ്രധാനപ്പെട്ടൊരു സംഭവമായിരുന്നു ഇത്. യുദ്ധമൊന്നും കൂടാതെ മുസ്ലീംകൾക്കു ലഭിച്ച ഒരു തോട്ടമായിരുന്നു ഫദക്. അക്കാലത്ത് യഹൂദികൾ വളരെ നിന്ദ്യമായി പരാജയംഏറ്റുവാങ്ങിയിരുന്നു. ഹിജറ7-ാംവർഷമായിരുന്നു ഈ സംഭവം നടന്നത്. ഫദക് തോട്ടത്തിൽനിന്ന് മുസ്ലീംകൾക്കു വരുമാനം ലഭിക്കാൻ തുടങ്ങി. ഈ തോട്ടം നബി(സ)യ്ക്കുമാത്രം അവകാശപ്പെട്ടതാണെന്ന് എല്ലാവരുംകൂടി ഐകകണ്ഠ്യേന തീരുമാനിച്ചു. നബി(സ) തിരുമേനി ഉൾപ്പെടെയുള്ളവരുടെ തീരുമാനമായിരുന്നു അതെന്നതിൽ സംശയമില്ല. പക്ഷേ, അതിൽനിന്ന് കിട്ടിയിരുന്ന വരുമാനം എല്ലാം മുസ്ലീംകൾക്കും വേണ്ടിയാണ് ചെലവഴിച്ചിരുന്നത്. നബി(സ) ഇഹലോകവാസം വെടിഞ്ഞതോടെ, 'ഫദക് തോട്ടത്തിന്റെ ഉടമസ്ഥൻ നബി(സ) ആയിരുന്നു, അതുകൊണ്ട് നിങ്ങളുടെ അനന്തരാവകാശമാണതെന്ന്' ചിലർ ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞു. അങ്ങനെ പ്രശ്നം ഒന്നാം ഖലീഫ ഹദ്റത്ത് അബൂബക്കർ(റ)ന്റെ മുന്നിലെത്തി. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: "അനന്തരാവകാശസ്വത്തായിട്ട് നബിമാർക്ക് ഒന്നും ഉണ്ടാകുകയില്ല. നബി(സ) പറഞ്ഞിട്ടുള്ളതു തന്നെ ഇങ്ങനെയാണ്: 'നബിമാർ ഉപേക്ഷിച്ചുപോ

**ത്വാലിബെ ദുആ**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

**• അല്ലാഹുവിന്റെ കലാം: •**

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**

ത്വാലിബെ ദുആ: T.A. SUDHEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

കുന്ന സ്വത്തുക്കളെല്ലാം ദാനമായിരിക്കും. അതിൽ അനന്തരാവകാശം ഉണ്ടായിരിക്കുകയില്ല. അല്ലെങ്കിൽ തന്നെ നബിയുടെ കുടുംബത്തിന് സ്വദഖ അനുവദനീയമല്ല." ഇതിനെ തുടർന്ന് ഹദ്റത്ത് ഫാത്വിമയ്ക്ക് ഹദ്റത്ത് അബൂബക്കർ(റ)നോടു വെറുപ്പായി. കുറേകാലം അതങ്ങനെ നിലനിന്നു. ഹദ്റത്ത് ഫാത്വിമ(റ) ഹദ്റത്ത് അബൂബക്കറുമായി സംസാരിക്കാൻ കൂട്ടാക്കിയില്ല. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: 'നബി(സ)യുടെ കാലഘട്ടത്തിൽ അഹ്ലെ ബയ്ത് എത്രത്തോളം ഫലം അനുഭവിച്ചിരുന്നുവോ അതിപ്പോഴും അവർക്കു അനുഭവിക്കാവുന്നതാണ്. എന്നാൽ, അവർക്കു ഇതിന്റെ അനന്തരാവകാശം ലഭിക്കുകയില്ല.' ഹദ്റത്ത് ഫാത്വിമ(റ)അവസാനം ഹദ്റത്ത് അബൂബക്കറുമായി(റ) സന്തോഷത്തിലായിരുന്നുവെന്ന് ത്വബഖാത് ഇബ്നുസഅ്ദിൽ എഴുതിയിരിക്കുന്നു. കാരണം ഹദ്റത്ത് അബൂബക്കർ(റ) എന്തൊക്കെയായാലും നബി(സ)യുടെ നിർദേശമനുസരിച്ചു തന്നെയായിരുന്നല്ലോ പ്രവർത്തിക്കേണ്ടിയിരുന്നത്?

**നിവേദനം**: ഹദ്റത്ത് ഫാത്വിമയ്ക്ക്(റ) സുഖമില്ലാതായപ്പോൾ രോഗവിവരം അറിയാൻ ഹദ്റത്ത് അബൂബക്കർ(റ) അവരുടെ വീട്ടിൽപോയി. അതിൽ ഫാത്വിമ ഏറെ സന്തോഷിച്ചു. ഇതിൽനിന്ന് താല്കാലികമായി നീരസം ഉണ്ടായിരുന്നെങ്കിലും പിന്നീടത് തികച്ചും നീങ്ങിയിരുന്നുവെന്ന് മനസ്സിലാകുന്നു. ഹദ്റത്ത് ഫാത്വിമ(റ) നിഷ്കളങ്കയായിരുന്നു. അപ്പോൾ ദീർഘനാൾ വെറുപ്പ് കാണിച്ചിരിക്കാൻ അവർക്കെങ്ങനെയാണ് കഴിയുക? ബഖീഅ് ഖബ്ർസ്ഥാനിൽ ഹദ്റത്ത് ഫാത്വിമയെ(റ) ഖബ്റടക്കി. ഹദ്റത്ത് അലി(റ) ആയിരുന്നു ജനാസഃ നമസ്കരിപ്പിച്ചത്.

**ഫാത്വിമയുടെ മരണം, അലിയുടെ വിഷമം**: സ്വഭാവഗുണങ്ങളിൽ ഹദ്റത്ത് അലി(റ) നബി(സ)തിരുമേനിയെ പൂർണമായും പിൻപറ്റിയിരുന്നു. നബി(സ)യുടെ വീട്ടിൽ ഹദ്റത്ത് ഫാത്വിമയോടൊപ്പം സ്നേഹത്തോടും സന്തോഷത്തോടുകൂടി ജീവിച്ചു. അവരെ ജോലികളിൽ സഹായിച്ചു. ഹദ്റത്ത് ഫാത്വിമയും ഹദ്റത്ത് അലിയുടെ എല്ലാ കാര്യങ്ങളും എല്ലാ വിധത്തിലും ശ്രദ്ധിച്ചിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ) വഫാത്തായപ്പോൾ ഹദ്റത്ത് അലി(റ) വിലാപഗാനം എഴുതി. ഖബ്റടക്കം കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ ദുഃഖം താങ്ങാനാവാതെ വിഷമിക്കുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ നാവിലൂടെ ഉതിർന്നുവീണ ആ കവിതാശകലത്തിന്റെ അർഥം ഇപ്രകാരമാണ്:

"ദുൻയാവിലെ ദുഃഖങ്ങൾ നാലു ഭാഗത്തുനിന്നും എന്നെ പൊതിഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. അതിന് ഇരയായിത്തീരുന്നവൻ ജീവിതാവസാനംവരെ രോഗിയായിരിക്കുന്നു. രണ്ടു മിത്രങ്ങൾ പരസ്പരം ഒന്നിക്കുമ്പോൾ, അവരിൽ വേർപാടും ഉണ്ടാകുമല്ലോ? സുഹൃത്ബന്ധം വേർപെടാത്ത കാലം ഹ്രസ്വമാണ്. അഹ്മദിനുശേഷം(സ)ഫാത്വിമയിൽ നിന്നുളള എന്റെ വേർപെടൽ സുഹൃത് എപ്പോഴും കൂടെയുണ്ടാവില്ല എന്നതിനു തെളിവാണ്."

**ഹദ്റത്ത് ഫാത്വിമക്ക് മറ്റു സഹോദരിമാരിൽനിന്നുളള ശ്രേഷ്ഠത**: ഹദ്റത്ത് ഫാത്വിമയ്ക്ക് തന്റെ മൂത്ത സഹോദരിമാരായ ഹദ്റത്ത് സയ്നബ്, ഹദ്റത്ത് റുഖിയ്യഃ, ഹദ്റത്ത് ഉമ്മുകുൽഥൂം എന്നിവരിൽനിന്ന് പല കാര്യത്തിലും ശ്രേഷ്ഠതയുണ്ട്. ഇക്കാരണത്താലാണ് ആ മൂന്നുപേരേയും കുറിച്ച് പൊതുവെ മുസ്ലീംകൾക്ക് അധികമൊന്നും അറിയാത്തത്.

**ഏതു കാര്യങ്ങളിലാണ് ശ്രേഷ്ഠത:–**

1. നബി(സ)തിരുമേനിക്കു 7 മക്കളുണ്ടയിരുന്നു. പക്ഷേ, നബിയുടെ കുടുംബപരമ്പര നിലനിന്നത് ഫാത്വിമയിലൂടെയാണ്.

2. ഹദ്റത്ത് ഫാത്വിമയുടെ ജീവിതത്തിലെ ഒട്ടനവധി സംഭവങ്ങൾ അവരുടെ ഭർത്താവ് ഹദ്റത്ത് അലിയുടെ പേരുമായി ചേർത്തിട്ടാണ് പറഞ്ഞു വന്നിട്ടുളളത്. ഹദ്റത്ത് സയ്നബിന്റെ ഭർത്താവ് മക്കയിൽത്തന്നെ താമസിച്ചു. ഹദ്റത്ത് സയ്നബാണെങ്കിൽ ആദ്യമേതന്നെ മക്കയിൽനിന്ന് ഹിജറ പോയിരുന്നു. എന്നാൽ, അവരുടെ ഭർത്താവ് 4 വർഷത്തിനു ശേഷമാണ് മദീനയിലെത്തിയത്. അപ്പോഴാണ് ഇസ്ലാം സ്വീകരിച്ചത്. അദ്ദേഹം മദീനയിലെത്തി രണ്ടു വർഷം കഴിഞ്ഞപ്പോൾ ഹദ്റത്ത് സയ്നബ് വഫാത്താകുകയും ചെയ്തു. അതിനുശേഷമുളള ഭർത്താവിന്റെ ജീവിതത്തെക്കുറിച്ച് അറിവൊന്നുമില്ല.

3. ഹദ്റത്ത് ഫാത്വിമയുടെ ഭർത്താവ് ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ മൂത്താപ്പായുടെ മകനായിരുന്നു. നബിയുടെ വീട്ടിൽത്തന്നെയാണ് വളർന്നതും. ഈ രണ്ടു വശത്തുമുളള ബന്ധം കാരണത്താൽ നബി(സ)യോട് പ്രത്യേക സ്നേഹമുണ്ടായിരുന്നു. അതുകൊണ്ടാണ് നബി(സ) മിക്കപ്പോഴും ഒരു കൂസലും കൂടാതെ ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയിരുന്നത്.

4. മറ്റു മരുമക്കളെപ്പോലെ ഹദ്റത്ത് അലി(റ)യുടെ സാമ്പത്തികനില മെച്ചപ്പെട്ടതായിരുന്നില്ല. 'ഞെരുക്കത്തോടെയാണ് ജീവിച്ചുപോന്നത്. ഹദ്റത്ത് ഫാത്വിമ(റ)യ്ക്ക് മറ്റു സഹോദരിമാരെ അപേക്ഷിച്ച് മതവിജ്ഞാനം കൂടുതലായിരുന്നു. മറ്റുളളവരെ അപേക്ഷിച്ച് കൂടുതൽ സമർഥയും ബുദ്ധിമതിയുമായിരുന്നു. കവിതകൾ രചിക്കാറുണ്ടായിരുന്നു. നബി(സ)തിരുമേനി വഫാത്തായപ്പോൾ വിലാപഗാനമെഴുതി. ഹൃദയസ്പൃക്കായ ആ വരികൾ കേട്ട് ആളുകൾ വിങ്ങിപ്പൊട്ടുമായിരുന്നു. വ്യക്തിപരമായ സവിശേഷതയും ഹദ്റത്ത് ഫാത്വിമയുടെ പ്രസിദ്ധിക്കു കാരണമായി.

5. നബി(സ)യുടെ അതിരറ്റ സ്നേഹമായിരുന്നു ഫാത്വിമയെ കൂടുതൽ പ്രസിദ്ധയാക്കി തീർത്തത്. മൂന്നുകുട്ടികൾ ഒന്നിനു പിറകെ ഒന്നായി മരിച്ചപ്പോൾ നബി(സ)തിരുമേനിയുടെ ഒരേയൊരു കുട്ടി, ഏറ്റവും ചെറിയകുട്ടി ഫാത്വിമ മാത്രമായിരുന്നു ബാക്കിയായത്. അതുകൊണ്ട് സ്നേഹം മുഴുവൻ ഫാത്വിമയിൽ കേന്ദ്രീകരിച്ചു. സ്വാഭാവികമായും ഏറ്റവും ചെറിയ കുട്ടിയോട് സ്നേഹം കൂടുമല്ലോ? ഇവിടെയാണെങ്കിൽ ഫാത്വിമ മാത്രമേ ഉളളുതാനും. ഹദ്റത്ത് ഫാത്വിമയ്ക്കും ഹദ്റത്ത് നബി(സ)തിരുമേനിയോട് അതിരറ്റ സ്നേഹമുണ്ടായിരുന്നു. അങ്ങേയറ്റം അനുസരണശീലയായിരുന്നു. അല്ലാഹുവിന്റെ തൃപ്തിയും സന്തോഷവുമൊന്നു മാത്രമായിരുന്നു എപ്പോഴും മുന്നിൽ. ഹദ്റത്ത് ഫാത്വിമയുടെ ഉന്നതമായ സ്വഭാവഗുണങ്ങളുടേയും ഉദാത്തമായ കർമങ്ങളുടേയും മാതൃക ലോകചരിത്രത്തിൽ എങ്ങും ലഭിക്കുകയില്ല. ഉന്നതമായ ഈ സ്വഭാവം കാരണത്താൽ നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ ഫാത്വിമയോടുളള സ്നേഹം കൂടുതൽ ആഴ്ന്നിറങ്ങി.

**ഹദ്റത്ത് ഫാത്വിമയുടെ മക്കൾ**: ഹദ്റത്ത് ഫാത്വിമയ്ക്ക് 5 കുട്ടികളുണ്ടായിരുന്നു. 3 ആണും 2 പെണ്ണും. ഹദ്റത്ത് ഹസൻ, ഹദ്റത്ത് ഹുസയ്ൻ, ഹദ്റത്ത് മുഹ്സിൻ, ഹദ്റത്ത് സയ്നബ് ഹദ്റത്ത് ഉമ്മുകുൽഥൂം(റദിയല്ലാഹുഅൻഹും). മുഹ്സിൻ ചെറുപ്രായത്തിൽ മരണപ്പെട്ടു. മറ്റു നാലു കുട്ടികളും പ്രധാന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സുപ്രസിദ്ധരായിത്തീർന്നു. ഇവരിൽ ഏറ്റവും മൂത്തത് ഹദ്റത്ത് ഹസൻ(റ) ആയിരുന്നു. ഹിജറ 3-ാം വർഷമാണ് അദ്ദേഹം ജനിച്ചത്. നബി(സ)തന്നെയായിരുന്നു രണ്ടു ദൗഹിത്രന്മാർക്കും പേരിട്ടത്. രണ്ടു പേരോടും നബി(സ) തിരുമേനിക്കു അതിരറ്റ സ്നേഹമായിരുന്നു. തന്റെ സ്വന്തം മക്കളാണെന്ന് നബി(സ) പറയാറുണ്ടായിരുന്നു. നബി(സ) സുജൂദിലായിരിക്കുമ്പോൾ ഹസനും ഹുസയ്നും പുറത്തു കയറി ഇരിക്കുമായിരുന്നു. ഒരിക്കൽ ആരോ അതു കണ്ടിട്ട് പറഞ്ഞു: 'എത്ര നല്ല യാത്രാവാഹനമാണിത്.' ഇതു കേട്ടുടനെ നബി(സ) പറഞ്ഞു: 'യാത്രക്കാരും മോശക്കാരല്ല.' പെൺകുട്ടികളിൽ ഹദ്റത്ത് സയ്നബ് വിഖ്യാതയായിരുന്നു. കർബല സംഭവത്തിനു ശേഷമുണ്ടായ എല്ലാ ബുദ്ധിമുട്ടുകളേയും ഹദ്റത്ത് സയ്നബ്(റ) തന്റേടത്തോടും ധൈര്യത്തോടുംകൂടി നേരിട്ടു. ഹദ്റത്ത് ഹുസയ്ന്റെ മകനായ ഇമാം സയ്നുൽ ആബ്ദീനെ(റഹ്) കർബല മൈതാനത്തും, പിന്നെ കൂഫയിലും അവസാനം ഡമാസ്കസിലുംവെച്ച് വധിക്കപ്പെടുന്നതിൽനിന്ന് രക്ഷിച്ചത് ഹദ്റത്ത് സയ്നബായിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ) തന്റെ മക്കളെ നല്ല ശിക്ഷണം നല്കി വളർത്തി. അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കേണ്ടത് എങ്ങനെയെന്ന് പഠിപ്പിച്ചു. സത്യത്തിന്റേയും സത്യസന്ധതയുടേയും കോന്തല എപ്പോഴും താങ്ങിപിടിക്കേണ്ടതെങ്ങനെയെന്ന് ഹദ്റത്ത് ഇമാം ഹുസയ്ൻ(റ) പഠിച്ചത് ആ മടിത്തട്ടിൽനിന്നായിരുന്നു. ഒരു ദിവസം നബി(സ)തിരുമേനി ഹസനേയും ഹുസയ്നേയും തന്റെ തുടയിലിരുത്തി. അവർ രണ്ടുപേരും നബി(സ)യെ കെട്ടിപ്പിടിച്ചിരുന്നു. നബി(സ) രണ്ടു പേരേയും നെഞ്ചോടു ചേർക്കുകയും ഇങ്ങനെ പ്രാർ ഥിക്കുകയും ചെയ്തു: 'അല്ലാഹുവേ! ഞാൻ ഇവരെ സ്നേഹിക്കുന്നു, നീയും ഇവരെ സ്നേഹിച്ചാലും. ഇവരെ സ്നേഹിക്കുന്ന വ്യക്തിയേയും സ്നേഹിച്ചാലും.' ഒരു ദിവസം പറഞ്ഞു: 'ഞാൻ ഹുസയ്നിൽ നിന്നാണ്, ഹുസയ്ൻ എന്നിൽ നിന്നാണ്.' ഇമാം ഹസൻ(റ) ജനിച്ചപ്പോൾ ആ സന്തോഷത്തിൽ ഹദ്റത്ത് ഫാത്വിമ(റ) ആഘോഷ പരിപാടി സംഘടിപ്പിച്ചു. എന്നാൽ, നബി(സ) പറഞ്ഞു: 'മകളേ! അവന്റെ മുടി കളയുക. ആ മുടിയുടെ തൂക്കം വെളളി ദരിദ്രരിലും അശരണരിലും വിതരണം ചെയ്യുക. അതു മതി.' ഹദ്റത്ത് ഹുസയ്ൻ(റ) ജനി ച്ചപ്പോഴും അങ്ങനെ തന്നെ ചെയ്തു. ഹദ്റത്ത് ഹസൻ(റ) ഹിജറ 3-ാം വർഷവും ഹദ്റത്ത് ഹുസയ്ൻ(റ) ഹിജറ 4-ാം വർഷവുമാണ് ജനിച്ചത്. നബി(സ) ചെവിയിൽ ബാങ്കു കൊടുത്തു, തുപ്പൽ തൊട്ടു കൊടുത്തു. ഹദ്റത്ത് ഹസനും(റ) ഹദ്റത്ത് ഹുസയ്നും(റ) നബി(സ)യോടു ഏറെ സാദൃശ്യമുളളവരായിരുന്നു. ഹദ്റത്ത് ഹുസയ്ൻ(റ) തലമുതൽ കാലുവരെ നബി(സ)തന്നെയായിരുന്നു. നബി(സ) പറഞ്ഞു: 'ഈ ചെറുപ്പക്കാർ സ്വർഗത്തിലെ നേതാക്കന്മാരാണ്.' ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോകുമ്പോഴെല്ലാം പറയും: 'എന്റെ കുട്ടികൾ, എന്റെ മകളുടെ കുട്ടികൾ.' അവരുടെ കരച്ചിൽ നബി(സ)തിരുമേനിക്ക് അസഹ്യമായിരുന്നു. ചുരുക്കം പറഞ്ഞാൽ, നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഫാത്വിമയോടും(റ) ഹദ്റത്ത് അലിയോടും(റ) അവരുടെ കുട്ടികളായ ഹദ്റത്ത് ഹസനോടും(റ) ഹദ്റത്ത് ഹുസയ്നോടും(റ) അതിരറ്റ സ്നേഹമായിരുന്നു.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

ണം ചെലവഴിക്കേണ്ടി വരുമല്ലോ എന്ന ഭയത്താൽ അവരെ കൊല്ലുന്നു. എന്നാൽ, പൊതുവെ ശരിയായ ബുദ്ധിയുളള ആളുകളിൽ, കൈയിൽ പണമുണ്ട്, എന്നാൽ, പിശുക്ക് കാരണത്താൽ നല്ല ഭക്ഷണം മക്കൾക്ക് നല്കാത്തവർ ധാരാളമായി ലഭിക്കുന്നുണ്ട്. ഉചിതമായ വസ്ത്രം നല്കുകയില്ല. എന്നല്ല ചിലപ്പോൾ ഭക്ഷണക്കുറവ് കാരണത്താൽ അവർ രോഗികളാകുകയും ചെയ്യുന്നു. ചിലപ്പോൾ വസ്ത്രം കുറഞ്ഞ കാരണത്താൽ നിമോണിയ തുടങ്ങിയ രോഗങ്ങൾക്ക് ഇരയാകുന്നു. ഇത്തരത്തിലുളള ആളുകൾ ലോകത്ത് ആയിരക്കണക്കിന് ലക്ഷക്കണക്കിന് കിട്ടുന്നുണ്ട്. എല്ലാ രാജ്യത്തും കിട്ടുന്നുണ്ട്. ഇപ്രകാരംതന്നെ കൊല എന്നതുകൊണ്ടുളള ഉദ്ദേശ്യം ധാർമികപരവും ആത്മീയപരവുമായ കൊലയുമാകാവുന്നതാണ്. പണം ചെലവഴിക്കേണ്ടിവരുമെന്ന ഭയത്താൽ നല്ല വിദ്യാഭ്യാസവും നല്കുന്നില്ല. അങ്ങനെ കുട്ടിയുടെ ധാർമികപരവും ആത്മീയപരവുമായ കൊലയ്ക്ക് നിമിത്തമാകുന്നു. ഈ ആയത്തിൽ അല്ലാഹു മുഅ്മിനീങ്ങളെ ഉപദേശിക്കുകയാണ്. ഈ പ്രവൃത്തിയിൽനിന്ന് പിന്മാറുക. കുട്ടികളുടെ ആരോഗ്യത്തിന്റേയും ധാർമികതയുടേയും നന്മയ്ക്കുവേണ്ടി അനിവാര്യമായ ചെലവുകളിൽനിന്ന് ഒരിക്കലും പിന്നാക്കം പോകരുത്. ഖത്ൽ അഥവാ കൊല എന്ന പദം ഉപയോഗിച്ചിട്ടുളളത് മനുഷ്യൻ സ്വാഭാവികമായി വെറുക്കുന്നതുകൊണ്ടാണ് കുട്ടികളെ കൊല്ലുന്നത്. അതിനാൽ ഈ പദപ്രയോഗംകൊണ്ട് ഏതൊരു അവസ്ഥയിലും നിങ്ങളുടെ മക്കളെ സ്വന്തംകൈകൊണ്ട് കൊലചെയ്യാൻ തയ്യാറാകുകയില്ലെന്നതിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കുന്നു. പക്ഷേ, മറ്റൊരു തരത്തിലുളള കൊലയ്ക്ക് നിങ്ങൾ ഇരയാകുന്നുവെന്ന് ചിന്തിക്കുന്നില്ല. അതായത് മക്കളുടെ ഭക്ഷണവും വസ്ത്രവും ഗൗനിക്കുന്നില്ല. അവരുടെ ആരോഗ്യത്തെ നശിപ്പിക്കുന്നു. അല്ലെങ്കിൽ അവരുടെ ശിക്ഷണത്തിൽ ശ്രദ്ധിക്കുന്നില്ല. അങ്ങനെ അവരുടെ ധാർമികത തകർക്കുന്നു.(തഫ്സീർ കബീർ, വാള്യം 4, പേജ് 326, പ്രസാധനം ഖാദിയാൻ 2010)

# ഹദ്‌റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

**(2015 മെയ്, ജൂൺ)** വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

ചോദ്യ കർത്താവ്: നബി(സ)തിരുമേനി പറഞ്ഞു, അസ്ഹാബീ കന്നുജൂമി, ഫബി അയ്യിഹിം ഇഖ്തദയ്ത്തും ഇഹ്തദയ്ത്തും. എന്റെ സ്വഹാബാക്കൾ നക്ഷത്രങ്ങൾക്ക് സമാനമാണ്. അവരിൽനിന്ന് ആരെ പിൻപറ്റിയാലും നേർ മാർഗം പ്രാപിക്കുവന്നതായിരിക്കും. അപ്പോൾ സ്വഹാബാക്കളെ ചീത്ത വിളിക്കുന്നവരും കാഫിറാകും.

ഹുദൂർ: നബി(സ)തിരുമേനി കാഫിറെന്ന് പ്രഖ്യാപിച്ചയാളെ അല്ലെന്ന് പറയാന് ഞാനാരാണ്?

ഹദ്‌റത്ത് ഉഥ്മാനെ(റ) ശഹീദാക്കിയവർ കുഴപ്പങ്ങൾ പരത്തുന്നവരായിരുന്നു. ധിക്കാരികളായ ഇവർക്കെല്ലാവർക്കും ദുരന്തപൂർണമായ പര്യവസാനമുണ്ടായി. അവരെ സംബന്ധിച്ചുള്ള നബി(സ)തിരുമേനിയുടെ മതവിധിയെന്താണോ അതു തന്നെയാണ് എന്റേതും. ഞാൻ നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ മതവിധിയിൽ ഉറച്ചു നില്ക്കുന്നു.

ഒരു അറബ് അതിഥി: സിറിയയിൽ സാഹചര്യങ്ങൾ മോശമാണ്. ദുആക്കപേക്ഷ.

ഹുദൂർ: ഓരോ രാജ്യത്തിനും അവരുടേതായ സാഹചര്യങ്ങളുണ്ട്. യഥാർഥത്തിൽ മുസ്‌ലിം സമൂഹം ഗഹനീയമായി ചിന്തിക്കേണ്ടതുണ്ട്. ഇതരശക്തികളുടെ കൈകളിൽപെടുന്നതിനു പകരം നമ്മൾ സംഘടിക്കേണ്ടതുണ്ട്. പ്രത്യക്ഷമായ ഐക്യം ഉണ്ടാക്കേണ്ടതുണ്ട്. വൻ ശക്തികളിൽ നിന്നും നമ്മൾ ആയുധങ്ങൾ വാങ്ങുന്നു. ഒരു ഭാഗത്ത് അവരുടെ സാമ്പത്തിക സ്ഥിതിയെ സുസ്ഥിരമാക്കുമ്പോൾ മറുഭാഗത്ത് അതേ ആയുധങ്ങൾകൊണ്ട് അവർ സ്വന്തക്കാരെ കൊന്നൊടുക്കുന്നു. വൻശക്തി രാജ്യങ്ങളുടെ വ്യവസായം നമ്മുടെ പൈസകളാലാണ് നടക്കുന്നത്. മറുഭാഗത്ത് പ്രസ്തുത ശക്തികൾ നമ്മുടെ കൈകൾ കൊണ്ടുതന്നെ പരസ്പരം കൊന്നൊടുക്കുന്നു.

ഒരു അറബ് സ്നേഹിതൻ: നമ്മുടെ വളരെ പ്രയാസമേറിയ പ്രശ്നം തീവ്രവാദമാണ്. ജനങ്ങൾ ഇസ്‌ലാമിനോട് വിരക്തി കാണിക്കുന്നു. തീവ്രത നിറഞ്ഞ ഈ ഇസ്‌ലാമിന് ഒരു ബദൽ അവർക്ക് ലഭിക്കുന്നില്ല. നമുക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ രൂപത്തിൽ സമാധാന പൂരിതമായ ഇസ്‌ലാം ബദൽ എന്ന നിലയിൽ പ്രാപ്തമായിരിക്കുന്നു. യഥാർഥമായ ഈ ഇസ്‌ലാം സത്വരം ഇതര മുസ്‌ലിം രാജ്യങ്ങളിൽ എത്തേണ്ടതുണ്ട്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം എന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാകേണ്ടതുണ്ട്. ലോകത്ത് തീവ്രവാദ ഇസ്‌ലാമിനെ കൂടാതെ യഥാർഥ ഇസ്‌ലാമിന്റെ ധ്വജവാഹകരുമുണ്ടെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

ഹുദൂർ: ഇന്ന് ഞാൻ ജർമൻ അഹ്മദികളെ അഭിമുഖീകരിച്ച് പ്രഭാഷണം നല്കിയിരുന്നു. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം സമർപിച്ചു. യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് പരക്കാൻ നമ്മൾ ശ്രമിച്ചുവരുന്നു. ഈ ശ്രമം നമ്മൾ തുടർന്നുകൊണ്ടേ പോകും. ജലൽസയിലും ജമാഅത്തിന്റെ യഥാർഥ ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടാകും. ജമാഅത്തിൽ നിങ്ങൾ ദർശിക്കുന്ന യഥാർഥ ആത്മാവിലും അച്ചടക്കത്തിലും വ്യവ്സ്ഥാപിത പ്രവർത്തനങ്ങളിലും ഒരു ഐക്യം ദർശിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം നടപ്പിലാക്കാൻ പൂർണമായും ശ്രമിക്കുന്നുവെന്ന് ഇതിൽ നിന്നു നിങ്ങൾക്ക് വ്യക്തമാകും. കൂടിക്കാഴ്ചക്കുശേഷം വളരെയധികം അറബ് അതിഥികൾ തങ്ങളുടെ അനുഭവങ്ങളും പ്രകടിപ്പിച്ചു.

മൊറോക്കോ സ്വദേശിനിയും ഇപ്പോൾ സ്പെയിനിൽ താമസിക്കുകയും ചെയ്യുന്ന സആദ് ബിൻത് സറൂഖ് സ്വാഹിബ എന്ന അഹ്മദി വനിത തന്റെ അനഹ്മദി സഹോദരി, സഹോദരി ഭർത്താവ്, അവരുടെ 2 മക്കളോടൊപ്പമാണ് ജർമൻ ജൽസയിൽ പങ്കെടുക്കാനെത്തിയത്. അവർ പറയുന്നു:

ഹുദൂറിനെ എം.ടി.എയുടെ സ്ക്രീനിലൂടെയാണ് ഞാൻ കണ്ടിട്ടുള്ളത്. എന്നാൽ നേരിട്ട് ഹുദൂറിന്റെ മുഖകമലം ദർശിച്ചപ്പോൾ പ്രകാശം പൊട്ടിപ്പുറപ്പെടുതന്നതായി കണ്ടു. അനിയന്ത്രിതമായി എന്റെ നാവിൽനിന്നു ഈ വാക്ക് വന്നു: 'അല്ലാഹുവാണ, ഇതൊരു മനുഷ്യനല്ല, മറിച്ച്, ഏതോ മലക്കാണ്.' നമുക്ക് ജൽസ കാരണത്താൽ വളരെയധികം ആനന്ദമുണ്ടായി. ജൽസയിൽ പങ്കെടുത്തവർ ഉന്നത സ്വഭാവഗുണങ്ങളാണ് പ്രകടിപ്പിച്ചത്. ഒപ്പം കൂട്ടിയിരുന്ന അനഹ്മദി സഹോദരിക്കും ഭർത്താവിനും ഹുദൂറിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചതിനുശേഷം വളരെ ആകർഷണമുണ്ടായി. ഉന്നതനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരിരുവരും ഈ ജൽസയിൽ ബയ്അത്തും ചെയ്തു.

ജർമൻ ജൽസയിൽ പങ്കെടുക്കാനെത്തിയ സ്പെയിനിൽനിന്നു വന്ന വാലൻസിയായിലെ ഒരു അനഹ്മദി ഇമാമും ഖത്വീബുമായ ആദരണീയ അഹ്മദ് ബിൻ അബ്ദുൽ ഖാദിർ ബിൻ മുഹമ്മദ് സാഹിബ് പറയുന്നു: ഈ ജൽസയിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. ഉന്നത നിലവാരത്തിലുള്ള വ്യവസ്ഥാപിതമായ മനോഹരമായ സംവിധാനവും ആതിഥേയത്വവും ഞാൻ കണ്ടു. ഇവിടെ വരുന്നതിനു മുമ്പേ വിചാരിക്കാൻപോലും സാധിക്കാത്തതാണ് ഇത്. എല്ലാ സേവകർക്കും ഹൃദയാത്മനാ നന്ദി പറയുന്നു. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹിൽനിന്ന് ഹസ്തദാനം സ്വീകരിക്കാനുള്ള സൗഭാഗ്യവും ലഭിച്ചു. ഇതര സ്നേഹിതരേയും കണ്ടു. എല്ലാ ഭാഗത്തുനിന്നും മന്ദഹസിക്കുന്ന മുഖങ്ങളോടും ആലിംഗനത്തോടുംകൂടി വരവേൽപുണ്ടായി.

✷ ഒരു അറബി, ഇബ്റാഹീം സാഹിബ് പറയുന്നു: ജൽസയിൽ ക്ഷണിച്ചതിന് നന്ദി പറയുകയാണ്. ഇവിടുത്തെ സ്നേഹനിർഭരമായ സ്വീകരണവും അസാധാരണമായ സംവിധാനങ്ങളും കണ്ടപ്പോൾ എനിക്കുണ്ടായ വിസ്മയം സീമാതീതമായി. നബി(സ)തിരുമേനി കാണിച്ചു തന്ന ഇസ്‌ലാമിന്റെ തനിമയാണ് ഞാൻ അഹ്മദികളിൽ കണ്ടത്. ജൽസക്ക് മുമ്പേ കാലത്തിന്റെ ഖലീഫയുടെ ദർശനം ലഭിക്കണമെന്നത് എന്റെ ആഗ്രഹമായിരുന്നു. എന്നാലതിലുമുപരിയായി അത് പൂർത്തിയായി. കാരണം, എനിക്ക് ഹസ്തദാനത്തിനും ഭാഗ്യം ലഭിച്ചു. കാലത്തിന്റെ ഖലീഫ എന്നോട് സംസാരിക്കുകയും ചെയ്തു. ഇത് എനിക്ക് ലഭിച്ച അഭിമാനവും ആദരവാണ്.

✷ ഗാംബിയക്കാരനും സ്പെയിനില് താമസിക്കുന്നയാളുമായ ഫീൽസ് വാൻസു സാഹിബ് പറയുന്നു: ഞാൻ വളരെയധികം സന്തോഷിക്കുന്നു. സ്നേഹിക്കുന്ന, ഉന്നത നിലവാരത്തിലുള്ള ആതിഥേയത്വം പുലർത്തുന്ന എണ്ണമറ്റ വ്യക്തികളെ ഞാനിവിടെ കണ്ടു. ജർമനി അഹ്മദിയ്യാ ജമാഅത്ത് കാഴ്ചവെച്ച ഈ ആദരവിന് വളരെയധികം നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

✷ മൂന്നുവർഷം മുമ്പേ ബയ്അത്ത് ചെയ്ത അൽജീരിയൻ അഹ്മദി നാബ്ത്തീ യാസീൻ സാഹിബ് പറയുന്നു: ജൽസയിൽ ഓരോ പ്രാവശ്യവും പങ്കെടുക്കുമ്പോഴും എന്റെ വിശ്വാസത്തിൽ അസാധാരണമായ വർധന ഉണ്ടാകുന്നു. ഓരോ പ്രാവശ്യവും ഉന്നതനായ ദൈവത്തിന്റെ എണ്ണമറ്റ സഹായത്തിന്റെ കാഴ്ചകൾ കാണുന്നു. ഞാൻ സ്വർഗത്തിലാണെന്ന തോന്നൽ ജൽസ എന്നിലുളവാക്കുന്നു. സ്വർഗവാസികളെ കുറിച്ച് ഉന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിൽ, തഹിയ്യത്തുഹും ഫീഹാ സലാം(അതിൽ അവരുടെ അഭിവാദ്യം സലാമാണ്) എന്ന് ഓർമിപ്പിച്ചതുപോലെ ഭാഷകളിലും പ്രകൃതിയിലും വർഗങ്ങളിലും ഭിന്നത നിലനില്ക്കെത്തന്നെ ജൽസയിൽ നാലുഭാഗത്തു നിന്നും അസ്സലാമു അലയ്ക്കും എന്ന സന്ദേശം നിരന്തരം മുഖരിതമായി.

സ്മരണീയമായ മറ്റൊരു കാര്യം ജൽസയിൽ ആരെ കണ്ടാലും അവർ സ്വന്തം ഭൗതികമായ പ്രയാസങ്ങളെ കുറിച്ചോ ഭൗതികതയെ കുറിച്ചോ സംസാരിക്കുന്നത് കേൾക്കില്ല. മറിച്ച് ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയുടേയും സംഭാഷണവൃത്തം ദീനീപരമായ കാര്യങ്ങളിൽ സീമിതമാണ്. ദൈവിക സ്മരണയെ കുറിച്ചുള്ള കാര്യങ്ങളാണ്. ഈയൊരു അനുഭവം ജൽസയിൽ മാത്രം പ്രാപ്തമാണ്. അതുകൊണ്ട്, ദൈവം സാക്ഷി, ജൽസാ സാലാന ഉന്നതനായ ദൈവത്തിന്റെ അടയാളങ്ങളിലൊന്നാണ്. വളരെയധികം ജനങ്ങൾ ഈ അടയാളത്തിന്റെ മഹത്ത്വത്തെ കുറിച്ച് അശ്രദ്ധരാണ്.

✷ മുറാദ് ഖായിഫ് സാഹിബ് പറയുന്നു: ആദ്യമായി ഞാൻ ജൽസയിൽ പങ്കെടുത്തു. ഇത്ര വിശാലാടിസ്ഥാനത്തിൽ നടക്കുന്ന ഉന്നതനിലവാരം പുലർത്തുന്ന സംവിധാനത്തോടും സ്നേഹനിർഭരമായ വരവേൽപ്പും ആതിഥേയത്വവും കണ്ട് വിസ്മയിച്ചുപോയി. അസാധാരണമായ നിലയിൽ ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെയധികം ആനന്ദം നല്കി സ്വാധീനം സൃഷ്ടിക്കുന്നതായിരുന്നു. ഹുദൂറിന്റെ തിളങ്ങുന്ന ഉപദേശങ്ങളനുസരിച്ച് പ്രവർത്തിച്ച് അദ്ദേഹത്തിന്റെ സത്‌വിചാരം പൂർത്തിയാക്കാൻ നമുക്ക് ദുആ ചെയ്യാം. വളരെയധികം ഈ ജൽസയിൽനിന്ന് ഞാനും ഫലമെടുത്തു. വീണ്ടും വരുമെന്ന മോഹവും പേറി മടങ്ങി പോകുന്നു.

✷ ആദരണീയ അബ്ദുല്ലാഹ് സീരീൻ സ്വാഹിബിന്റെ പിതാവ് പല വർഷങ്ങളായി അഹ്മദിയാണ്. അബ്ദുല്ലാഹ് സാഹിബ് പിതാവിനോടൊപ്പം റഷ്യയിലാണ് താമസിച്ചിരുന്നത്. എന്നാലിപ്പോൾ പഠനവുമായി ബന്ധപ്പെട്ട് ഹോളണ്ടിൽ താമസിക്കുന്നു. പിതാവ് മുഖേന അദ്ദേഹത്തിനും ജമാഅത്തിന്റെ സന്ദേശമെത്തിയിരുന്നു. എന്നാലിതുവരെ ബയ്അത്ത് ചെയ്തിരുന്നില്ല. ഈ വർഷം സ്വന്തം പിതാവിനോടൊപ്പം അദ്ദേഹവും ജൽസയിൽവന്നു. ജൽസയുടെ ആദ്യദിവസത്തെ ചോദ്യോത്തര പരിപാടിക്കുശേഷം നമ്മുടെ മുബല്ലിഗുമായി വാഗ്ദത്ത മസീഹിന്റെ സത്യതയെ കുറിച്ച് സംഭാഷണം നടന്നു. ഒടുവിൽ മുബല്ലിഗ് സാഹിബിനോട് താൻ ഈ ജൽസയിൽ സത്യത അറിയാനാണ് വന്നതെന്നും തനിക്ക് ദൈവം നേർവഴി കാണിക്കണമെന്നും പറഞ്ഞ് അദ്ദേഹം ദുആക്കപേക്ഷിച്ചു. അദ്ദേഹം പറയുന്നു: ഞാൻ മുമ്പേയും ദുആ ചെയ്തിരുന്നു. എന്നാൽ, ഒരു ഫലവും ദൃശ്യമായില്ല. കേവലം ഒരു നേരത്തെ ദുആ മതിയാകുന്നതല്ലെന്ന് അദ്ദേഹത്തിന് മനസ്സിലാക്കി കൊടുത്തു. കാരണം, ദുആ സ്വീകാര്യതക്ക് പല നിബന്ധനകളുണ്ടെന്നും അവയെ മുന്നിൽവെച്ചുകൊണ്ട് വേദനയോടെ ദുആ ചെയ്യണമെന്നും മുബല്ലിഗ് പറഞ്ഞു.

ജൽസയുടെ രണ്ടാം ദിനത്തിൽ അതിഥികളോടുള്ള തബ്‌ലീഗ് സംബന്ധമായ പ്രഭാഷണത്തിനു ശേഷം അദ്ദേഹം പറഞ്ഞു: വിശുദ്ധ ഖുർആനിൽ നിന്ന് എനിക്ക് വാഗ്ദത്ത മസീഹിന്റെ സത്യതയ്ക്കുള്ള കേവലം ഒരേയൊരു തെളിവ് നല്കുക. നമ്മുടെ മുബല്ലിഗ് അദ്ദേഹത്തിന്റെ മുമ്പിൽ ഖുർആനിൽനിന്നുള്ള *വലൗ തഖവ്വല അലയ്നാ ബഅ്ളൽ അഖാവീൽ* (നമ്മുടെമേൽ ആരെങ്കിലും കറ്റുകെട്ടിപ്പറഞ്ഞാൽ) എന്ന വചനവും *ഇന്നല്ലദീന യഫ്തറൂന അലല്ലാഹിൽ കദിബ ലാ യുഫ്‌ലിഹൂൻ*( അല്ലാഹുവിന്റെ മേൽ ആരെങ്കിലും കറ്റുകെട്ടിപ്പറഞ്ഞാല് അവർ വിജയിക്കുന്നതല്ല)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 8 June 2023 Issue-23

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

എന്ന വചനവും സമർപ്പിച്ചു. ശേഷം നബി(സ) തിരുമേനിയുടെ ചില ദീർഘദർശനങ്ങളും ജമാഅത്തിന്റെ പുരോഗതിയെ കുറിച്ചും വിവരിച്ചു. തുടർന്ന് അദ്ദേഹം പറഞ്ഞു: 'ഞാൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു. കാരണം, ഉന്നതനായ അല്ലാഹു എനിക്ക് അടയാളം കാണിച്ചിരിക്കുന്നു.' പ്രസ്തുത അടയാളം ഏതാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇന്നലെ രാത്രി ഞാൻ വളരെ വേദനയോടും ഉള്ളുരുക്കത്തോടുംകൂടി സുജൂദിൽ ദുആ ചെയ്തു. തുടർന്ന് ഉറങ്ങിയപ്പോൾ ഒരു സ്വപ്നദർശനമുണ്ടായി. ഒരു വലിയ ചുവരിൽ തിളങ്ങുന്ന നിലയിൽ 'അൽഅഹ്മദിയ്യ' എന്ന് എഴുതപ്പെട്ടിരിക്കുന്നു. അതിൽനിന്ന് അസാധാരണമായ പ്രകാശം പുറപ്പെടുന്നു. തുടർന്ന് ഞാൻ ജൽസാ ഹാളിലെത്തി ഹുദൂർ അൻവറിന്റെ ജർമൻ അതിഥികളോടുള്ള പ്രഭാഷണം ശ്രവിച്ചു. അപ്പോൾത്തന്നെ മനസ്സിൽ ആഗ്രഹം ജനിച്ചു, എനിക്ക് ഹുദൂറിനോടൊപ്പം സമീപത്ത് നിൽക്കാൻ അവസരം ലഭിച്ചെങ്കിൽ! അൽപസമയത്തിനുശേഷം ഒരു നിമിഷത്തേക്ക് എനിക്ക് ഒരു മയക്കം വന്നു. ഞാൻ സ്റ്റേജിൽ ഹുദൂർ അൻവറിന്റെ ചാരത്ത് നില്ക്കുന്നു.

എന്റെ മനസ്സിൽ അതിനുശേഷം സത്യം ഉറച്ചു കഴിഞ്ഞു. കൂടുതൽ തൃപ്തിക്കും ഹൃദയവിശാലതക്കുംവേണ്ടി ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ സത്യതയ്ക്കുള്ള ഒരു തെളിവ് ഖുർആനിൽനിന്ന് ലഭിക്കാൻ ഞാൻ ചോദിച്ചതാണ്. ദുആക്കുശേഷം സ്വപ്നത്തിലൂടെതന്നെ എനിക്ക് തൃപ്തി കൈവന്നിരുന്നു എന്നതാണ് യാഥാർഥ്യം. ജൽസയുടെ മൂന്നാം ദിവസം നടന്ന സമൂഹ ബയ്അത്തിൽ അദ്ദേഹം പങ്കാളിയായി.

✷ ഒരു ഇറാഖുകാരനായ അറബ് സ്നേഹിതൻ പറയുന്നു: വിവിധ മത പണ്ഡിതന്മാരുടേയും മൗലവിമാരുടേയും തീവ്രസ്വഭാവത്തിലുള്ള ചിന്താധാരയിൽ മനംമടുത്ത് ജനങ്ങളെ സെക്യൂലറി സത്തിലേക്ക് ക്ഷണിക്കാൻ തുടങ്ങിയിരുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്തുമായി പരിചയിച്ചതിനുശേഷം ഇസ്ലാമിന്റെ യഥാർഥ മുഖം ദർശിച്ചപ്പോൾ മനസ്സിൽ പ്രതീക്ഷയുടെ ഒരു കിരണം ജന്മമെടുത്തു. ഇക്കാലഘട്ടത്തിൽ വ്യാപിച്ചിരിക്കുന്ന അന്ധകാരത്തിൽനിന്നുമുള്ള മോചനം സാധ്യമാക്കുന്നതിന് സഹായിക്കുന്ന വിധത്തിലുള്ള ഒരു പ്രകാശമാണ് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ. അദ്ദേഹം കാണിക്കുന്ന വിവേകവും പ്രവർത്തനപരമായ ചിത്രവും അറബ് രാഷ്ട്രങ്ങളിലും വിശിഷ്യാ ഇറാഖിലും വ്യാപിക്കേണ്ടതുണ്ട്. ജനങ്ങൾ തീവ്രവാദത്തിലും മറ്റു ഇടുങ്ങിയ മാർഗങ്ങളിലും കഷ്ടപ്പെടുന്നു എന്നതാണ് കാരണം. അനുഗൃഹീതമായ ഒരു ബദൽ അവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് അവർ ഇസ്ലാം ഉപേക്ഷിക്കുന്നു.

✷ മറ്റൊരു അറബ് സ്നേഹിതൻ: ഇസ്ലാമിക അധ്യാപനങ്ങളുടെ ഭാഗമായി 'എല്ലാവരോടും സ്നേഹം' എന്ന നമുക്ക് ഈ ജൽസയിൽ ലഭിച്ച സന്ദേശം യൂറോപ്പിൽ കൂടുതൽ വ്യാപിക്കേണ്ടതുണ്ട്. കാരണം, ഇവിടെ ഇസ്ലാമിനെ സംബന്ധിച്ച് വളരെയധികം തെറ്റായ ധാരണകൾ നിലനില്ക്കുന്നു.

**(തുടരും)**

# മജ്ലിസ് അൻസ്വാറുല്ലാഹ് പുത്തൂർമഠം തദ്ദേശ ഇജ്തിമാഅ്

**കോഴിക്കോട്:** പുത്തൂർമഠം മജ്ലിസ് അൻസ്വാറുല്ലായുടെ നേതൃത്വത്തിൽ തദ്ദേശ ഇജ്തിമാ 2023 മെയ് 20,21(ശനി,ഞായർ) തിയതികളിൽ പുത്തൂർമഠം ജമാഅത്തിൽ വിജയകരമായി നടന്നു. മെയ് 20 ശനിയാഴ്ച വൈകുന്നേരം 5.30 ന് നടന്ന ഉൽഘാടന സമ്മേളനം യാസർ അറഫാത്ത് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ സമാരംഭിച്ചു. ജില്ലാ നാളിം ഡോക്ടർ സ്വലാഹുദ്ദീൻ സാഹിബ് അൻസാറുല്ലായുടെ പ്രതിജ്ഞാവാചകങ്ങൾ ചൊല്ലിക്കൊടുക്കുകയും സദസ്സ് വളരെ ആദരവോടെ ഏറ്റു ചൊല്ലുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഇജ്തിമാ ഉൽഘാടനം ചെയ്തു. ജില്ല അമീർ കെ.എം. അഹ്മദ് കോയാ സാഹിബ് ഉപദേശ പ്രസംഗം നടത്തി.

ജില്ല സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ് ശമീം സാഹിബ്, ജില്ല നാഇബ് നാളിം തഅ്ലീം സാജിദ് കെ.എ. സാഹിബ്, പുത്തൂർ മഠം ജമാഅത്ത് സ്വദർ കെ.എം.മുഹമ്മദ് റഫീഖ് സാഹിബ്, ഖായിദ് പുത്തൂർമഠം സഫ്റുദ്ദീൻ സാഹിബ് എന്നിവർ ഇജ്തിമായിന് ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു.

മെയ് 21 ഞായറാഴ്ച തഹജ്ജുദ് നമസ്കാരത്തോടെ രണ്ടാം ദിവസത്തെ പരിപാടി ആരംഭിച്ചു. സ്വുബ്ഹി നമസ്കാരത്തിനും ദറസിനും ശേഷം പ്രകൃതിരമണീയവും മിനി വയനാട് എന്ന അറിയപ്പെടുന്നതുമായ അരമ്പച്ചാൽ കുന്നിലേക്ക് ഉല്ലാസയാത്രപോയി. വൈജ്ഞാനികമത്സരങ്ങൾക്കു ശേഷം ബദ്ർ എഡിറ്റർ മൗലവി മുഹമ്മദു ഇസ്മായീൽ സാഹിബ് ആലപ്പുഴ തർബിയ്യത്ത് ക്ലാസെടുത്തു. പുത്തർ മഠത്തിലെ എല്ലാ അംഗങ്ങളും കോഴിക്കോടു മാത്തോട്ടം ജമാഅത്തിലെ ചില അംഗങ്ങളും പങ്കെടുത്തു.

**മത്സരവിജയികൾ:**

**വിശുദ്ധ ഖുർആൻ പാരായണം:**
ഒന്നാം സ്ഥാനം: യാസർ അറാഫത്ത്
രണ്ടാം സ്ഥാനം: അബൂബക്ർ സാഹിബ്
മൂന്നാം സ്ഥാനം: എം. അബ്ദുസ്സലാം സാഹിബ്

**ഉർദു പദ്യം:**
ഒന്നാം സ്ഥാനം: ലത്തീഫ് സാഹിബ്
രണ്ടാം സ്ഥാനം: നസ്വീർ ഹുസയ്ൻ സാഹിബ്
മൂന്നാം സ്ഥാനം: പി.സാജി. സാഹിബ്

**അറബി പദ്യം:**
ഒന്നാം സ്ഥാനം: യാസർ അറാഫത്ത്
രണ്ടാം സ്ഥാനം: നസ്വീർ ഹുസയ്ൻ സാഹിബ്
മൂന്നാം സ്ഥാനം: അബൂബക്ർ സാഹിബ്

**മലയാള പദ്യം:**
ഒന്നാം സ്ഥാനം: നസ്വീർ ഹുസയ്ൻ സാഹിബ്
രണ്ടാം സ്ഥാനം: അബ്ദുല്ലത്തീഫ് സാഹിബ്
മൂന്നാം സ്ഥാനം: റഫീഖ് കെ.എം. സാഹിബ്

**പ്രസംഗം:**
ഒന്നാം സ്ഥാനം: നസ്വീർ ഹുസയ്ൻ സാഹിബ്
രണ്ടാം സ്ഥാനം: അബ്ദുല്ലത്തീഫ് സാഹിബ്
മൂന്നാം സ്ഥാനം: അബൂബക്ർ സാഹിബ്

**സംഘഗാനം:**
ഒന്നാം സ്ഥാനം: സാജിദ് സാഹിബ് & പാർട്ടി
രണ്ടാം സ്ഥാനം: അബ്ദുസലാം സാഹിബ് & പാർട്ടി

**(പേജ് 7ൽനിന്ന്)**

യശേഷം നിങ്ങൾക്കു പലതും കേൾക്കേണ്ടിവരും. നിങ്ങൾ കുഷ്ഠം ബാധിച്ചകാഫിറിന് ദജ്ജാലിന് ബയ്അത്ത് ചെയ്തുവെന്നും മറ്റും പറയുന്നതാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ശകാരിച്ചു പറയുന്നതാണ്. അങ്ങനെ പറയുന്നവർക്കു മുമ്പിൽ തീക്ഷ്ണത കാണിക്കരുത്. നിങ്ങളെ അല്ലാഹുവിനുവേണ്ടി സ്വബ്ർ ചെയ്യാനാണ് നിയോഗിച്ചിരിക്കുന്നത്.

ഇക്കാര്യങ്ങൾ നമ്മളെപ്പോഴും ഓർക്കേണ്ടതാണ്. അദ്ദേഹം പറയുന്നു: "അല്ലാഹു അവർക്ക് സന്മാർഗം നല്കാൻ അവർക്കുവേണ്ടി ദുആ ചെയ്യുവിൻ." ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം സ്വബ്റാകുന്നു. നമ്മുടെ വിജയം ആ മഹാത്മാവിന്റെ ചിവിട്ടടികളിൽ ചരിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.

അദ്ദേഹം പറയുന്നു: "നമ്മുടെ വിജയത്തിനുള്ള ആയുധം (എതിരാളികളോടു)അതേ രീതിയിൽ പ്രതികരിക്കുക എന്നതല്ല. പ്രത്യുത നമ്മുടെ വിജയത്തിനുള്ള ആയുധം ഇസ്തിഗ്ഫാറും തൗബയും ദീനീപരമായ അറിവ് കരസ്ഥമാക്കുന്നതും അല്ലാഹുവിന്റെ മഹത്ത്വം ഓർക്കുന്നതും അഞ്ചുനേര നമസ്കാരം നിർവഹിക്കലുമാണ്. നമസ്കാരം ദുആ സ്വീകാര്യതയുടെ താക്കോലാകുന്നു. നമസ്കരിക്കുമ്പോൾ അതിൽ ദുആ ചെയ്യുക. അതിൽ മടി കാണിക്കരുത്. അല്ലാഹുവിനോടുള്ള കടമളെ പറ്റിയാണെങ്കിലും മനുഷ്യരോടുള്ള കടമകളെ പറ്റിയാണെങ്കിലും എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുവിൻ. സകല പാപങ്ങളിൽനിന്നും വിട്ടു നിൽക്കുവിൻ.

ഈ ഉപദേശങ്ങളാണ് നമ്മുടെ വിജയത്തിന്റേയും പുരോഗതിയുടേയും അടിത്തറ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളനുസരിച്ച് നമ്മൾ ശരിയായ വിധത്തിൽ ഇസ്തിഗ്ഫാറും തൗബയും ചെയ്യുകയും ദീനിവിജ്ഞാനങ്ങൾ ആർജിക്കുകയും അഞ്ചുനേര നമസ്കാരത്തിൽ ശ്രദ്ധിക്കുകയുമാണെങ്കിൽ നമുക്ക് വിജയമുണ്ടാകുന്നതായിരിക്കും. ശത്രുക്കൾ എത്രമാത്രം എതിർപ്പിൽ കടുപ്പം കാണിക്കുന്നുവോ അത്രമാത്രം നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടതാണ്. ഇതാണ് നമ്മുടെ വിജയരഹസ്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ പറ്റി കൂടക്കൂടെ നമ്മെ ഉപദേശിച്ചിരിക്കുന്നു. അല്ലാതെ പ്രതികരിക്കാനല്ല പറഞ്ഞത്. ആ മഹാത്മാവ് പറഞ്ഞതുപോലെ നമ്മുടെ വിജയം ഏതായാലും വിധിക്കപ്പെട്ടതാണ്. ഇൻശാ അല്ലാഹ്. അതോടൊപ്പം യുക്തിസഹമായി നമ്മുടെ കടമകളും നിറവേറ്റണമെന്നതും ഓർക്കുക. യുക്തിപൂർവം ഒരുപാടു കാര്യങ്ങൾ ചെയ്യാൻ കഴിയും. യുക്തി സ്വായത്തമാക്കേണ്ടത് വളരെ അനിവാര്യമാണ്.

ഓരോ അഹ്മദിയും തന്റെ ഉത്തരവാദിത്വം മനസ്സിലാക്കുകയാണെങ്കിൽ നമ്മുടെ നിലപാടുകളും ദുആകളും മുഖേന ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

അല്ലാഹു നമുക്ക് സ്വബ്ർ നല്കുമാറാകട്ടെ. ദുആകൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ തൃപ്തിയെ ലക്ഷ്യമാക്കി ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin